Dr. (Mrs.) T. Francis *(Ernakulam-Women):* Will it not be separate?

Mr. E. Ikkanda Warriar *(Prime Minister):* It is outside the main walls of the Central Jail. Anyway, the Government is awaiting the report of the Inspector-General of Prisons to pass final orders on this matter and I may assure the House that as soon as those proposals come, and within a reasonably short time, the Government will either start the School or if admission can be obtained for them, since there are only three or four now, in the sister State, either one of these will be immediately done. The Government in any case will not allow this question to lie over for any further time. I think that with this assurance, the House will be satisfied and the Hon'ble Member may not think it worth while to press this motion.

Mr. A. K. George *(Kattur):* Mr. President, Sir, unlike the usual reply from the Government side, I am very much pleased, as pleased as the House is, to find that the Government has taken a definite decision as to the starting of a Borstal Institute in the State. Sir, by the way, I am obliged for the qualified support of Mr. Iyyu. In the light of the assurance of the bold decision the Government has already taken, I do not wish to press this cut motion.

Motion by leave, withdrawn.

Demand put and carried.

VII. 13—Jails (Cranganur)

Mr. E. Ikkanda Warriar *(Prime Minister):* I move for an allotment of Rs. 720 under 13-Jails Cranganur.

Mr. P. Govinda Menon *(Finance and Law):* I second the motion.

Demand put and carried.

VIII. 22—Police

Mr. E. Ikkanda Warriar *(Prime Minister):* I move for an allotment of Rs. 13,27,339 under 22-Police.

Mr. P. Govinda Menon *(Minister for Finance and Law):* I second the motion.

Mr. C. V. Iyyu *(Kunnamkulam):* Cut motions numbers 1 and 2 may be taken up together.

Mr. Joseph Mundasserri *(Trichur-North):* I have no objection.

Mr. President. Yes.

CUT MOTION No. 1

To reduce the allotment of Rs. 3,99,701 for Police (Establishment) in Demand No. 22 by Re. 1.

(To point out the necessity to reduce the number of Deputy Commissioners, Assissant Commissioners and Division Insprctors to the minimum possible without affecting the efficiency of service—(Mr. P.K. Krishnankutty Menon)

CUT MOTION No. 2

To reduce the allotment of Rs. 3,99,701 for Police—Proper Establishment in Demand No. 22 by Re. 1.

(To discuss the impropriety of keeping the top-heavy administration (Mr. Joseph Mundasseri)

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ: എന്റെ ഉപക്ഷേപത്തിൽ ഞാൻ ആവശ്യപ്പെട്ട സംഗതിയെ സംബന്ധിച്ച് കഴിഞ്ഞ രണ്ടുമൂന്നു ദിവസങ്ങളായിട്ട് ഈ സഭയുടെ അഭിപ്രായം പ്രകടമാക്കീട്ടുള്ളതാണ്. എങ്കിലും ഗവൺമെണ്ടിന്റെ ശ്രദ്ധ വേഗത്തിൽ തന്നെ പതിഞ്ഞു കാണുന്നതിനുവേണ്ടിയാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നത്. കഴിഞ്ഞ നാലുകൊല്ലങ്ങളിലെ ബഡ്ജറ്റ് നോക്കുന്നതായാൽ ഇത്തവണത്തെ പൊല്ലീസ്സ് ബഡ്ജറ്റിൽ വളരെ അധികം സംഖ്യ ചിലവുണ്ടെന്നു കാണാവുന്നതാണ്. ബഡ്ജറ്റ് പരിശോധിച്ചതിൽ ൧൯൫൦-ൽ ൩.൪ ലക്ഷം ഉറുപ്പികയെ ചിലവായി കാണുന്നുള്ളൂ. എന്നാൽ ൧൯൫൧ സമാനത്തു് ൧൯൫൨-ൽ ൧൪.൫ ലക്ഷം ഉറുപ്പിക ചിലവായി കാണുന്നുണ്ട്. ൧൯൫൦-മാണ്ടു് യുദ്ധകാലപരിതഃസ്ഥിതികളെ തരണം ചെയ്യേണ്ട ഒരു കാലമായിരുന്നു. എന്നാൽ അങ്ങിനെയുള്ള യുദ്ധപരിതഃസ്ഥിതികൾ ഒന്നും ഇല്ലാത്ത ഈ കാലത്തു് ഇത്ര വമ്പിച്ച ഒരു തുക പൊല്ലീസ്സ് ബഡ്ജറ്റിൽ കൊള്ളിച്ചുകാണുന്നതു് ചില തസ്തികകൾ ഉയർത്തുന്നതിനുവേണ്ടി മാത്രം ചിലവാക്കീട്ടുള്ളതാണെന്നുള്ള കാര്യത്തിൽ മാത്രമെ എനിക്കു് ആക്ഷേപം ഉള്ളൂ. പോല്ലീസ്സുകാരുടെ ശമ്പളപരിഷ്കരണകാര്യത്തിൽ കൂടുതൽ സംഖ്യ ചിലവാക്കേണ്ടിവന്നിട്ടുള്ളതിൽ എനിക്കു് ആക്ഷേപമില്ല. എന്നാൽ ഈ തസ്തികകൾ ഉയർത്തിയതുമൂലം ൧൰ൽ ചിലപ്പോൾ ലക്ഷം ഉറുപ്പികയാണ് കൂടുതൽ ചിലവു വരുന്നതു്. വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനും പുറമെ അവർക്കു് തടിച്ചു ബത്തയും അഡീഷ്ണൽ

LIBRARY ARCHIVES Kerala Legislative Assembly

ലവും കൂടി കൊടുക്കേണ്ടിവരുന്നുണ്ട്. ഇതുപോലെയുള്ള വഴ്ചവു് നമ്മുടെ രാജ്യത്തിന്റെ സ്ഥിതിക്കു് തീരെ യോജിച്ചതല്ല. ഈ ഉപക്ഷേപത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന കായ്ംകൊണ്ടു് നല്ല ഒരു ഡിപ്പാർട്ട്മെണ്ടിന്റെ കാര്യക്ഷമത തീരെ ഇല്ലാതാക്കണമെന്നുള്ള ഉദ്ദേശം എനിക്കില്ല. എന്നാൽ അനാവശ്യചിലവുകൾ കുറയ്ക്കണമെന്ന മാത്രമെ എനിക്കുദ്ദേശമുള്ളു. ഫ്രഞ്ചു-ൽ ഉണ്ടായിരുന്ന തസ്തികകളേക്കാൾ കൂടുതലായി സൃഷ്ടിച്ചിട്ടുള്ള തസ്തികകളിൽ ഒരു ഡെപ്യൂട്ടി കമ്മീഷണർ, ഒരു അസിസ്റ്റൻറ് കമ്മീഷണർ, രണ്ടു് ഡിവിഷൻ ഇൻസ്പെക്ടർമാർ, ഒമ്പതു് സബ്ബു് ഇൻസ്പെക്ടർമാർ, ഒരു അഡ്മിനിസ്ട്രേറീവു് അസിസ്റ്റൻറ് എന്നിവർ ഉൾപ്പെട്ടതു. ഇത്ര അധികം സംഖ്യ ചിലവുചെയ്തു് ഇത്ര അധികം ഉദ്യോഗങ്ങൾ വഴ്ചിപ്പിക്കേണ്ടതിന്റെ ആവശ്യം കാണുന്നില്ല. യുദ്ധകാലത്തുതന്നെ ഇത്ര അധികം തസ്തികകൾ ആവശ്യമുണ്ടായിരുന്നില്ലാത്ത ഗവണ്മെണ്ടിനു് ഇപ്പോൾ മാത്രം ഇങ്ങനെ വേണമെന്നു തോന്നിയതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. അതുകൊണ്ടു് ഈ താല്ക്കാലിക തസ്തികകൾ നിർത്തൽചെയ്തു് ഗവണ്മെണ്ടിന്റെ ചിലവുചുരുക്കി വരവു് വഴ്ചിപ്പിക്കണമെന്നു് ഒരു അപേക്ഷയുണ്ടു്. ഇത്രമാത്രമെ എനിക്കു പറയുവാനുള്ളു.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: മിസ്റ്റർ പ്രസിഡൻറ്, സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു. ഇതിൽ അടങ്ങിയിട്ടുള്ള അഭിപ്രായത്തെപ്പറ്റി ഇതിനു മുമ്പു് തന്നെ ഈ സഭയിൽ വേണ്ടതിലധികം പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടു്. പോലീസ്സു് വകുപ്പിന്റെ കാര്യക്ഷമതക്കു് ആ വകുപ്പിനുള്ള കീഴ്ജീവനക്കാരുടെ ശമ്പളം വേണ്ടിടത്തോളം വഴ്ചിപ്പിച്ചു് അവരെ ജീവിതത്തിന്റെ അടിയന്തിരാവശ്യങ്ങളിൽ നിന്നു മോചിപ്പിക്കുന്ന ഒരു നയം ഗവണ്മെൻറ് കൈക്കൊള്ളുന്നതിൽ അനൌചിത്യം ഉണ്ടെന്നു തോന്നുന്നില്ല. നേരെ മറിച്ചു ആ ഡിപ്പാർട്ടുമെണ്ടിൽ ഒരു നാലൊ, അഞ്ചൊ വലിയ ഉദ്യോഗങ്ങൾ ഉണ്ടാവുക എന്നുള്ളതുകൊണ്ടു് മാത്രം ആ ഡിപ്പാർട്ടുമെണ്ടിന്റെ കാര്യക്ഷമത വഴ്ചിച്ചു എന്നവിചാരിക്കുന്നതിൽ സംശയമുണ്ടു്. ഒരു കമ്മീഷണർ, ഒരു അസിസ്റ്റണ്ടു കമ്മീഷണർ, രണ്ടു ഡപ്യൂട്ടി കമ്മീഷണർമാർ അവർക്കു താഴെ അഞ്ചൊ, ആറൊ ഡിവിഷൻ ഇൻസ്പെക്ടർമാർ എന്നിങ്ങനെ കിടക്കുന്ന പോലീസു ഭരണക്കെട്ടു്. ഇത്ര അധികം ഉയർന്ന തസ്തികകളിൽ ആളുകളെ നിയമിക്കത്തക്കവണ്ണം പോലീസ് ഭരണം നിവ്വഹിക്കുവാനുള്ള വ്യാപ്തി ഈ രാജ്യത്തിനുണ്ടെന്നു് തോന്നുന്നില്ല. നമ്മുടെ രാജ്യത്തിനു് ഒരു ജില്ലയുടെ വലിപ്പമേയുള്ളു. ഈ രാജ്യത്തിൽ നിയമസമാധാനങ്ങൾ പാലിക്കുന്നതിനുള്ള എടപാടുകൾ വളരെ പരിമിതമാണു്. പഴയ രീതിയിലുള്ള അധികാരത്തിന്റെ പ്രവർത്തനം ഇവിടെ വളരെ ചുരുക്കമാണു്. ആ പ്രവർത്തനമാണു് അഞ്ചൊ, ആറൊ പേരുടെ കയ്യിലേക്കു് പകർത്തിയിരിക്കുന്നതു്. അതുകൊണ്ടു് വിശേഷിച്ചൊരു പ്രയോജനം ഉണ്ടാകുമെന്നു തോന്നുന്നില്ല. പെട്ടെന്നിങ്ങിനെ രണ്ടു്, മൂന്നു് വലിയ ഉദ്യോഗങ്ങൾ പോലീസ്സു് ഡിപ്പാർട്ടുമെണ്ടിൽ സൃഷ്ടിച്ചതുകൊണ്ടു മാത്രം ആ ഡിപ്പാർട്ടുമെണ്ടിന്റെ കായ്ക്ഷമത വഴ്ചിക്കും എന്നു ഞാൻ വിശ്വസിക്കുന്നില്ല. പോലീസ്സു് ഡിപ്പാർട്ടുമെണ്ടിന്റെ കായ്ക്ഷമത വഴ്ചിപ്പിക്കുവാൻ മറ്റു പല കായ്ങ്ങളും വേറെ ചെയ്യുവാനുണ്ടു്. അങ്ങിനെ ഒന്നും ചെയ്യാതെകണ്ടു് മൂന്നോ നാലൊ പേർക്കു മാത്രം കൂടുതൽ ശമ്പളം കൊടുത്തുകൊണ്ടു് ആ ഡിപ്പാർട്ടുമെണ്ടിന്റെ കായ്ക്ഷമത വഴ്ചിപ്പിച്ചു എന്നു് പറയുന്നതിൽ ന്യായം ഉണ്ടെന്നു തോന്നുന്നില്ല. ഇത്രമാത്രമെ എനിക്കു് ഇതിനെപ്പറ്റി പറയാനുള്ളു. ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു. ഗവണ്മെണ്ടു് പ്രത്യേകിച്ചു ഈ ഡിപ്പാർട്ടുമെണ്ടിന്റെ കായ്ത്തിൽ വളരെ കായ്മുമായി അനേഷിക്കും എന്നു് ഞാൻ വിശ്വസിക്കുന്നു.

മിസ്റ്റർ വി. കെ. അച്യുതമേനോൻ: മിസ്റ്റർ പ്രസിഡണ്ടു്, സർ, ഈ ഉപക്ഷേപത്തെപ്പറ്റി സംസാരിക്കുന്നതിനുമുമ്പു് ഈ സഭയോടു് എനിക്കഭ്യർത്ഥിക്കുവാനുള്ളതെന്തെന്നാൽ സാധാരണ മറ്റു ഡിപ്പാർട്ടുമെണ്ടുകളെപ്പോലെ പോലീസ്സു് ഡിപ്പാർട്ടുമെണ്ടിനെ താരതമ്യപ്പെടുത്തുന്നതു് ശരിയല്ലെന്നാണു്. കൊച്ചിൻ സ്റ്റേറ്റിന്റെ ഡിസിപ്ലിൻ maintain ചെയ്യുന്നതു് പോലീസ്സു് ഡിപ്പാർട്ടുമെണ്ടാണു്. അതു അവർ തന്നെയാണു് ചെയ്യേണ്ടതും. എന്നാൽ ഡിസിപ്ലിൻ maintain ചെയ്യണം എന്നു വിചാരിച്ചു് ഉദ്യോഗസ്ഥന്മാരുടെ തസ്തികകൾ ആവശ്യത്തിലധികം കൂട്ടണമെന്നുള്ള അഭിപ്രായക്കാരനല്ല ഞാൻ. നാലൊ, അഞ്ചൊ പുതിയ തസ്തികകൾ പലതരത്തിലുണ്ടെന്നു് ഇതിനകം സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർമാർ സംസാരിക്കുകയുണ്ടായി. ഇതിനുംപുറമെ എനിക്കൊന്നു പറയുവാനുള്ളതു് ഈ തസ്തികകൾ എല്ലാം വഴ്ചിപ്പിച്ചതിനും പുറമെ ഒരു ഡെപ്യൂട്ടി കമ്മീഷണരുടെ കീഴിൽ നടന്നിരുന്ന Fire department വേറെ ഒരു ആഫീസ്സരുടെ കീഴിൽ ആക്കി

LIBRARY ARCHIVES Kerala Legislative Assembly

(Mr. V. K. Achutha Menon)

യതിനെ സംബന്ധിച്ചാണു്. അതിന്റെ ആവശ്യം ഉണ്ടായിരുന്നുവൊ എന്നു തോന്നുന്നില്ല. അതുകൊണ്ടു് ഈ Fire officer-ടെ തസ്തിക കൂടി നിൎത്തൽചെയ്യണമെന്നുള്ള അഭിപ്രായം എനിക്കുണ്ടു്. ഡിവിഷൻ ഇൻസ്പെക്ടർമാരുടെ തസ്തികകൂടി കുറവുചെയ്യേണ്ടുന്ന ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇൻഡ്യൻ യൂണിയനിൽ ഉള്ള ഓരോ സക്കിളുകളിൽ (circle) അഞ്ചൊ, ആറൊ പോലീസ്സ്റ്റേഷൻ ഉണ്ടായിരിക്കും. ആ നിലവെച്ചു നോക്കുമ്പോൾ ഇവിടത്തെ സ്ഥിതിക്കു് നാലു ഡിവിഷൻ ഇൻസ്പെക്ടർമാർ ഉണ്ടാവുന്നതു കൊണ്ടു് തെറ്റുണ്ടെന്നു തോന്നുന്നില്ല. അതിനും പുറമെ സബ്ബു് ഇൻസ്പെക്ടർമാരുടെ കാൎയ്യത്തിൽ അവരുടെ ശമ്പളം കുറച്ചുകൂടി കൂട്ടി കൊടുക്കേണ്ടതാണു്. അതു് അവരുടെ Status-നും യോജിച്ചു വിധത്തിലായിരിക്കേണ്ടതാണു്. ഇവിടത്തെ സബ്ബു് ഇൻസ്പെക്ടർമാൎക്കു് കൊടുക്കുന്ന ശമ്പളം ന്യൂ ഠ കു. മുതൽ ഫ ൦ ൦ കു. വരെയാണു്. ഇൻഡ്യൻ യൂണിയനിലുള്ള ഒരു സബ്ബു് ഇൻസ്പെക്ടർക്കു് ഫ ൦ ൦ കു. മുതൽ ഫ ൭ ൫ കു. വരെയും തിരുവിതാംകൂറിലുള്ള സബ്ബു് ഇൻസ്പെക്ടർമാൎക്കു് വ ൦ കു. മുതലും ആണു ശമ്പളം കൊടുക്കുന്നതു്. അതുകൊണ്ടു് തല്ക്കാലം സബ്ബു് ഇൻസ്പെക്ടർമാരുടെ ശമ്പളം കുറച്ചു കൂട്ടിക്കൊടുത്താൽ കൊള്ളാം എന്നുള്ള അഭിപ്രായം എനിക്കുണ്ടു്. ഇത്രയും പറഞ്ഞുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ സി. വി. ഇയ്യു: സർ, ഈ ഉപക്ഷേപത്തെ അനുകൂലിക്കുവാൻ വഴി കാണാത്തതിൽ ഞാൻ വ്യസനിക്കുന്നു. അടുത്ത കുറച്ചുകാലത്തെ പരിതഃസ്ഥിതി വെച്ചുനോക്കുമ്പോൾ പൊല്ലീസ്സ്ഡിപ്പാർട്ടുമെണ്ടിൽ ഇപ്പോഴുള്ള തസ്തികകൾ കുറക്കണമെന്നുള്ള അഭിപ്രായം എനിക്കു തോന്നുന്നില്ല. നമ്മുടെ രാജ്യത്തു് മുമ്പു് എങ്ങും ഉണ്ടായിട്ടില്ലാത്തവിധം കുഴപ്പം പിടിച്ച ചില അന്തരീക്ഷങ്ങളെ ഗവൎമ്മെണ്ടിനു് നേരിടേണ്ടി വന്നിട്ടുണ്ടു്. ഉദാഹരണമായിട്ടു പറയുകയാണെങ്കിൽ "അന്തിക്കാട്ടെ കുഴപ്പം" "പാലിയം സത്യാഗ്രഹം" സബ്ബു് ഇൻസ്പെക്ടർ കൊലക്കേസ്സു്" എന്നിവ പോലേയുള്ള പല സംഭവങ്ങളും നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുണ്ടു്. പാലിയം സത്യാഗ്രഹം നിമിത്തം പോല്ലീസ്സുകാർ വളരെ വേണ്ടിവന്നിട്ടുണ്ടു്. ഇനി ഈ സഭതന്നെ അടുത്താലോചിക്കുവാൻ പോകുന്ന "കരിനിയമം നടപ്പാക്കണമെന്നു് ഉദ്ദേശിക്കുകയാണെങ്കിൽ ഇന്നു് അധികാരത്തിലിരിക്കുന്ന ഗവൎമ്മെണ്ടിനു് ഇത്രയൊക്കെ ഉദ്യോഗസ്ഥന്മാർ മതിയോ എന്നു സംശയമാണു്.

Mr. M. Bhaskara Menon *(Ernakulam)*: On a point of order Sir, is "കരിനിയമം" a parliamentary expression?

Mr. C. V. Iyyu *(Kunnamkulam)*: കരിനിയമം is black law.

A voice.—Charcoal Act.(Laughter)

Mr. President: Its equivalent in English has not been declared unparliamentary.

മിസ്റ്റർ സി. വി. ഇയ്യു: സർ, ഈ കരിനിയമം നടപ്പിൽ വരുത്തുന്നതുകൊണ്ടു് ഒരു പരിതസ്ഥിതി ഇപ്പോഴില്ലെങ്കിലും ഇനിയൊരിക്കൽ നാട്ടിൽ ഉണ്ടാവുകയാണെങ്കിൽ ബഹുമാനപ്പെട്ട ഗവൎമ്മെണ്ടിനു് അങ്ങിനെയുള്ള ഒരു നിയമം ഇവിടെ നടപ്പിൽ വരുത്തേണ്ടതായിട്ടുവരും എന്നുവെക്കുക! അപ്പോൾ അങ്ങിനെയുള്ള ആ നിയമത്തെ കൈകാൎയ്യം ചെയ്യുന്നതിനു് ചെറിയ ശമ്പളക്കാരും പരിചയവും പാഠിപ്പും കുറഞ്ഞവരുമായ ചെറിയ പോല്ലീസ്സുദ്യോഗസ്ഥന്മാരെ മാത്രം എല്ലിക്കുന്നതായാൽ ജനങ്ങൾക്കു വളരെയധികം വിഷമങ്ങൾ നേരിടേണ്ടിവരും. അതുകൊണ്ടു് അങ്ങിനെയുള്ള ചെറിയ ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കുവാൻ തക്കവണ്ണം പ്രാപ്തിയും തൻറേടവും ഉള്ള വലിയ ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നാൽ മാത്രമെ ഇത്തരം കരിനിയമത്തിന്റെ ഭയങ്കരതയിൽനിന്നു് ജനങ്ങൾക്കു് രക്ഷപ്പെടുവാൻ സാധിക്കുകയുള്ളു എന്നു് പറയാതെ നിവൃത്തിയില്ല. എന്നാൽ നിയമസഭയുടെ പര്യാലോചനക്കു് അടുത്തുതന്നെ വിധേയമാക്കേണ്ട "കരിനിയമം" (Criminal Law Amendment Bill) ഗവൎമ്മെണ്ടു് പിൻവലിക്കുകയില്ല എന്നല്ല ഞാൻ പറയുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: എന്താണു് ഈ കരിനിയമത്തിന്റെ അൎത്ഥം?

മിസ്റ്റർ. സി. വി. ഇയ്യു: അതിനെപറ്റി discuss ചെയ്യുമ്പോൾ പറയാം. അതിനും പുറമെ ൪½ ലക്ഷം കേസ്സിനെസംബന്ധിച്ചു്, ജനകീയഭരണം ആരംഭിച്ചതിനുശേഷം തന്നെ എത്രയോ ഉപപ്രിക ചിലവാക്കീട്ടുണ്ടെന്നു് വിചാരിക്കുവാൻപോലും വയ്യ. അതിനുവേണ്ടി ഒരു ഡെപ്യൂട്ടി കമ്മീഷ്ണരും, ഒരു പോലീസ്സു് സബ്ബുഇൻസ്പെക്ടരും, അവരുടെ സമയം വളരെ നഷ്ടപ്പെടുത്തേണ്ടതായി വന്നിട്ടുണ്ടു്. കൂടാതെ ഇന്ത്യാഗവൎമ്മെണ്ടിന്റെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

D. S. P. ഡെൽഹിയിൽനിന്നും വരുകയുണ്ടായി. ഇങ്ങിനെയൊക്കെ ആയിട്ടും ഇതുവരെ ആ കാര്യം ഒന്നും ആയിട്ടില്ല. അങ്ങിനെയുള്ള പരിതസ്ഥിതിയിരിക്കെ ഇവിടെയുള്ള ഉയന്ന ചില തസ്തികകൾകൂടി വേണ്ടെന്നുവെക്കുന്നതായാൽ ഭാവിയിൽ ഉണ്ടാകാവുന്ന വൈഷമ്യങ്ങളെപറ്റി ഊഹിക്കുവാൻപോലും വയ്യ. പ്രത്യേകിച്ച് ഒരു രാഷ്ട്രീയകക്ഷിയുടെ കീഴിലാണ് ഇന്നത്തെ പോല്ലീസ്സ് ഭരണം ഇരിക്കുന്നത്. പോരെങ്കിൽ ഭിന്നാഭിപ്രായമുണ്ടെങ്കിലും പാർട്ടി ചട്ടക്കൂട്ടിൽ ഒതുങ്ങുന്നതും നല്ല ശക്തിയുള്ളതുമായ ഒരു രാഷ്ട്രീയ സംഘടനയാണ് ഇന്ന് ഭരണം നടത്തുന്നത്. അങ്ങിനെയുള്ള ഒരു ഗവണ്മെണ്ടിന് അവരുടെ ശക്തിയെ വിനയോഗിക്കുവാൻ പോല്ലീസ്സ് ഡിപ്പാർട്ടുമെൻറ്, വളരെ ഉത്തരവാദിത്വത്തോടും പ്രാപ്തിയോടും കൂടിയുള്ളവരായ ഉദ്യോഗസ്ഥന്മാർഉണ്ടയിരിക്കേണ്ടതാണ്. പെറിയ ഉദ്യോഗസ്ഥന്മാക്ക് കൂടുതൽ ശമ്പളംകൊടുത്തു് ആ ഡിപ്പാർട്ടുമെണ്ടിന്റെ efficiency വർദ്ധിപ്പിക്കണമെന്നും ഇതിന്റെ അവതാരകൻതന്നെ പറയുകയുണ്ടായി. അപ്പോൾ ഇതു് രണ്ടുംകൂടി എങ്ങിനെയാണ് നടക്കുക എന്നുള്ളതാണ് എന്റെ സംശയം. അതുകൊണ്ടാണ് ഈ ഉപക്ഷേപത്തെ അനുകൂലിക്കുവാൻ എനിക്ക് മനസ്സു് വരാതിരുന്നതു്. ഞാൻ ഈ സഭയുടെ വിലയേറിയ സമയം ഇനിയും നഷ്ടപ്പെടുത്തണമെന്നു വിചാരിക്കുന്നില്ല. ഞാൻ ഈ പ്രമേയത്തോടു് യോജിക്കണമെന്നു ഉദ്ദേശിക്കുന്നില്ല.

മിസ്റ്റർ പി. കെ. ഡീവർ: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. വലിയ കീടയിലുള്ള ഉദ്യോഗസ്ഥന്മാരെ വേണ്ടന്നുവെക്കുകയാണെങ്കിൽ ഈ രാജ്യത്തിലെ പോല്ലീസ്സുഭരണത്തിന്റെ കാര്യക്ഷമത തീരെ കുറഞ്ഞുപോകും എന്നു പറയുന്നതിനോടു് യോജിക്കുവാൻ എനിക്കു നിവർത്തിയില്ല. ആ ഡിപ്പാർട്ടുമെണ്ടിൽ പണ്ടുണ്ടായിരുന്ന ചില ആളുകളെതന്നെ ശമ്പളം കൂടുതൽ കൊടുത്തുകൊണ്ടു പുതിയ ചില പേരുകൾ കൊടുത്തു് ഉയർത്തിവിടുകമാത്രമാണ് ഇവിടെ ചെയ്തിട്ടുള്ളതു്. അങ്ങിനെ ചിലരെ കുറെ കൂടുതൽ ശമ്പളംകൊടുത്തു ഇങ്ങിനെ നിയമിച്ചതുകൊണ്ടു് ഇവിടത്തെ കാര്യക്ഷമത വർദ്ധിച്ചു എന്നു് എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ ഇയ്യു പറഞ്ഞില്ലല്ലൊ എന്നു കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ആ ഡിപ്പാർട്ടുമെണ്ടിൽ പഴയ സ്ഥാനങ്ങളിൽ ഉണ്ടായിരുന്ന ആളുകൾ ഈ പുതിയ സ്ഥാനങ്ങളിലേക്കു വന്നതിനുശേഷം പ്രത്യേകമായി കാര്യക്ഷമത വളർന്നിട്ടില്ലെന്നു് അദ്ദേഹം സമ്മതിക്കുമെങ്കിൽ അവരെയെല്ലാം പഴയ സ്ഥാനങ്ങളിലേക്കു പറഞ്ഞയച്ചാൽ കാര്യക്ഷമതക്കു യാതൊരു കുറവും കോട്ടവും വരുകയില്ലെന്നു് അദ്ദേഹവും സമ്മതിക്കുമെന്നു തോന്നുന്നു.

മിസ്റ്റർ സി. വി. ഇയ്യു: അതു് സമ്മതിച്ചുകൂടാ.

മിസ്റ്റർ പി. കെ. ഡീവർ. അഞ്ചരലക്ഷത്തിന്റെ കേസ്സു് ഉണ്ടായതിനുശേഷം അതു് അന്വേഷിക്കാനായിട്ടു് പുറമെനിന്നു് ആളുകൾ വരേണ്ടിവന്നു എന്നു പറയുന്നതുകൊണ്ടു് ഈ സ്ഥാനങ്ങൾ നിലനിർത്തിക്കൊണ്ടു പോകേണ്ട ആവശ്യം ഇല്ലെന്നു തെളിയുന്നുണ്ടു്. അതു് അദ്ദേഹം സമ്മതിക്കുമെന്നു് ഞാൻ വിചാരിക്കുന്നു.

മിസ്റ്റർ സി. വി. ഇയ്യു: അതും ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ സർ, യഥാർത്ഥമായിട്ടു പറയുകയാണെങ്കിൽ ഈ ഉദ്യോഗങ്ങളെല്ലാം സൃഷ്ടിച്ചതു് ചില ആളുകൾക്കുവേണ്ടിയാണെന്നുള്ളതും അദ്ദേഹം സമ്മതിക്കാതിരിക്കുകയില്ല.

മിസ്റ്റർ സി. വി. ഇയ്യു: അങ്ങിനെയല്ല.

മിസ്റ്റർ പി. കെ. ഡീവർ: അദ്ദേഹം പറയുന്നതു് അതു കാര്യമാക്കേണ്ടതില്ല.

മിസ്റ്റർ സി. വി. ഇയ്യു: നിങ്ങൾ പറയുന്നതാണ് കാര്യമല്ലാത്തതു്.

മിസ്റ്റർ പി. കെ. ഡീവർ: കാര്യമല്ലാത്തതു പറയുന്നവർക്ക് കാര്യം പറഞ്ഞാൽ മനസ്സിലാവുകയില്ല. ഇവിടത്തെ പോല്ലീസ്സ് ഡിപ്പാർട്ടുമെണ്ടിൽ യഥാർത്ഥത്തിൽ വലിയ മാറ്റം ഒന്നും ഉണ്ടായിട്ടില്ല. ചില പുതിയ തസ്തികകൾ ഉണ്ടാക്കി ചിലർക്ക് ശമ്പളം കൂടുതൽ കൊടുക്കുകയെന്നതിൽ കവിഞ്ഞു പോല്ലീസ്സിന്റെ കാര്യക്ഷമത ഒന്നും വർദ്ധിച്ചിട്ടില്ല. ഉയന്ന ഉദ്യോഗസ്ഥന്മാക്ക് സ്വഭാവശുദ്ധിയും പ്രവർത്തിസാമർത്ഥ്യവും ഉദ്യോഗം നടത്തുന്നതിലുള്ള ആത്മാർത്ഥതയും ശ്രദ്ധാന്തിയും ഉണ്ടായിരിക്കേണ്ടതുപോലെതന്നെ ആ വകുപ്പിലെ കീഴ്ജീവനക്കാർക്കിടെ സംതൃപ്തിയും അതുമൂലമുണ്ടാകേണ്ട പ്രവർത്തിയിലുള്ള ഉത്സാഹവും ആത്മാർത്ഥതയുമാണ് പോലീസ് ഡിപ്പാർട്ടുമെണ്ടിന്റെ കാര്യക്ഷമത വളർത്തുന്നതെന്ന സംഗതി നാം ഓർമ്മിക്കുന്നു. അതിനാൽ ഈ ഉയന്ന ഉദ്യോഗങ്ങളെല്ലാം നിർത്തൽ ചെയ്യുകയും

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Dewer]

കീഴ്ജീവനക്കാർക്ക് തരമുണ്ടെങ്കിൽ കുറച്ചുകൂടി ശമ്പളം വർദ്ധിപ്പിക്കേണ്ടതാണെന്നാണ് ഞാൻ അപേക്ഷിക്കുന്നത്. Pay-revision കമ്മിറ്റി ശമ്പളപരിഷ്കരണകാര്യത്തിൽ നടപ്പാക്കിയിട്ടുള്ള നയം പരിശോധിച്ചു നോക്കിയാൽ കാണാം ചില ആളുകൾക്ക ശമ്പളം കൂട്ടാൻ കാണിച്ചിട്ടുള്ള വ്യഗ്രത. അതുപോലെയുള്ള ഒരു നില ഇതിലും ഉണ്ടായിട്ടുള്ളതായി കാണാം. എന്നേയ്ക്കും നമ്മുടെ രാജ്യത്തിന്റെ പൊതു നന്മയെ ലാക്കാക്കി ഈ കാര്യത്തിൽ ഭിന്നാഭിപ്രായം കൂടാതെ നമുക്കാവശ്യമുള്ളിടത്തോളം മാത്രം പോലീസ്സ് ഉദ്യോഗങ്ങൾ നിലനിർത്തിക്കൊണ്ടുപോകുവാൻ നോക്കേണ്ടതാണ്. നമ്മുടേതുപോലെയുള്ള ഒരു ചെറുരാജ്യത്തിൽ ഇത്ര വളരെ വലിയ ഉദ്യോഗങ്ങൾ ഒന്നും ആവശ്യമില്ല. അതുകൊണ്ട് ഈ പുതിയ ഉദ്യോഗസ്ഥന്മാരെ ഒക്കെ അവരുടെ പഴയ സ്ഥാനങ്ങളിലേക്ക് മാറ്റുന്നതുകൊണ്ട് യാതൊരുകുഴപ്പവും വരുവാനില്ല. പ്രത്യേകിച്ച് കൊച്ചിയിൽ സാധാരണക്കാരായ ഏവർക്കും ജീവിക്കുവാനുള്ള സൌകര്യവും ശരിയായ പ്രോത്സാഹനവും ഉണ്ടാക്കിക്കൊടുക്കുന്നപക്ഷം പോലീസ്സിനെ നിയന്ത്രിക്കുവാനുള്ള ശക്തി ഈ നിയമസഭയ്ക്കും ഗവൺമെണ്ടിനും ഉണ്ടാകുമെങ്കിൽ ഈ രാജ്യത്തിന്റെ സമാധാനം നിലനിർത്തിക്കൊണ്ടുപോകുന്ന കാര്യത്തിൽ ഒട്ടും ഭയപ്പെടുവാൻ ഇല്ലെന്നാണ് എന്റെ മാന്യ സ്നേഹിതനോടും ഈ സഭയോടും എനിക്ക പറയുവാനുള്ളത്. അതുകൊണ്ട് ഈ തസ്തികകൾ നിർത്തിക്കളയണമെന്ന് ഗവൺമെണ്ടിനോട് അപേക്ഷിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: സർ, ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ പോലീസ്സ് ഡിപ്പാർട്ടുമെണ്ടിലെ ഉയർന്തരം ഉദ്യോഗങ്ങൾ തുടർന്നുകൊണ്ടുപോകേണ്ടതാണെന്ന് പറഞ്ഞ കാര്യത്തെപ്പറ്റി എനിക്ക് പ്രതിഷേധിക്കേണ്ടിയിരിക്കുന്നു. പരിഷ്കൃതമായ ഒരു രാജ്യത്തും, സാമാന്യത്തിലധികം അഭ്യസ്തവിദ്യരടങ്ങിയിട്ടുള്ള ഒരു രാജ്യത്തും, ജനാധിപത്യത്തിന്റെ മാതൃകയായിട്ടുള്ള ഒരു രാജ്യത്തും കുന്നംകുളം മെമ്പർ ബഹുമാനപ്പെട്ട മിസ്റ്റർ സി. വി. ഇയ്യുവിനെപ്പോലെയുള്ള പൌരന്മാരുടെ ദേഹരക്ഷക്കും, ആത്മരക്ഷക്കും, ആരോഗ്യരക്ഷക്കും, മാനസികരക്ഷക്കും, എന്നു വേണ്ട മറെറല്ലാരക്ഷക്കും പോലീസ്സിനെ രാജ്യഭാരം ഏല്പിച്ചാൽ മതി എന്നു അർത്ഥം വരത്തക്കവിധത്തിൽ ഒരു പ്രസ്താവന പുറപ്പെടുവിച്ചതു വളരെ ദുഃഖകരമായി എന്നു പറയേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ പോലീസ്സ് ഡിപ്പാർട്ടുമെണ്ടു് അഭിവൃദ്ധിപ്പെടുത്തി ആ ഡിപ്പാർട്ടുമെണ്ടിനെ ഭരണം ഏല്പിച്ചുകഴിഞ്ഞാൽ ഈ രാജ്യത്തെ പൊതുസമാധാനം മുഴുവനും പാലിക്കാം എന്നുള്ളതിനു് ബഹുമാനപ്പെട്ട മെമ്പർ ഉത്തരവാദിത്വം ഏല്ക്കാം എന്നുണ്ടെങ്കിൽ ഞാൻ എന്റെ ഈ അഭിപ്രായം പിൻവലിക്കാവുന്നതാണു്.

The House rose for lunch at 5-30 p. m. and reassembled at 6 p. m. with the Hon'ble President in the Chair

Mr. C. V. Iyyu *(Kunnamkulam)*: On a point of information Sir, the Hon'ble Member for Aranattukara had already spoken in moving the motion. He had a second chance. I did not raise any objection then as I thought that some other member of the party would raise it. May I know if I would also get a second chance.

Mr. President: The Hon'ble Member has spoken and sat down.

Mr. M. Bhaskara Menon *(Ernakulam)*: Mr. President, Sir, with great respect to the mover of the cut motion, with greater respect to the learned Professor who sits on my right and with due respect to Hon'ble Member who was just on his feet a few minutes before, I want to make a few observations on this motion. The point raised is that the administration of the Police Department is top-heavy and that definite retrenchment must be effected in that department. I just want to bring home to the ministers certain facts. The statistics referred to by the mover of the motion, started from 1114 to 1124. I would just ask the learned member to recollect the number of penal legislations that were in force in 1114 and the number of penal legislations that are now in force *i.e.*, in 1124, and the penal legislations that we contemplate in the near future. We all appreciate along with the Hon'ble Member who moved the cut motion that the number of increase in men, is a welcome increase. If the number of men in the Police force are increased should there not be simultaneous increase in the number of officers ? Otherwise how can they be manned ? So to simply say as where all cut motions are discussed "that it is for certain specific individuals that offices are created and not when one individual is provided for, others follow suite and that is why this administration becomes top-heavy", that argument cannot be sound always. In a station where in 1114 there were only 25 crimes registered we find 250 crimes being registered now because more and more penal offences are being made by

LIBRARY ARCHIVES Kerala Legislative Assembly

legislation. In 1114 we had not the Defence of India Rules. The normal liberties of the people are curtailed to a great extent by penal legislations and when penal legislations are there, should there not be competent and superior officers to direct the operations of subordinate officers and see that justice is done. There are complaints from the Hon'ble Members of this House about black-marketting and കരിഞ്ചന്ത and about big people being left alone, and that only poor people are being troubled in Criminal courts. Unless there are superior officers, who must be above corruption it will be difficult to see that black-marketting is suspended and stopped for ever. There must be officers to supervise the work done by subordinate officers. Personally I do not oppose or support this cut motion. But I only want to impress upon the ministry and the Minister in charge of Police before he submits his statement in reply that he should not commit one way or the other. He should not dispose off by saying "certainly we will consider your proposal," "we will bestow our anxious consideration on this subject and we will come to a conclusion later on" I do not want the mover of this cut motion to withdraw his motion on such an assurance. My purpose is only to place certain pure facts. We find now that penal legislations have increased in number and then unless there are certain superior officers—after all a constable may not be a superior of another constable, and a sub-Inspector cannot be a superior of another sub-Inspector—there must be superior officers and unless we have enough of experienced officers to direct, guide and help the subordinate officers in doing justice to the persons who have been challenged, I submit it will be aninjustice, it will be going out ofthe way in simply crying, wailing over the expenses involved for the protection of the liberties of the people of the State. With these observations I again request the Hon'ble Minister not to assure this House that to-morrow he will be bestowing his pointed attention to this matter and abolishing the Deputy Commissioner or the Division Inspector. I think he will make such a statement that the matter will be given anxious consideration and therefore beg leave of him not to press his motion.

മിസ്റ്റർ കെ. കരുണാകരൻ: സർ, ഞാൻ ഖണ്ഡനോപക്ഷേപത്തെ അനുകൂലിക്കുന്നു. ഈ രാജ്യത്തെ അത്യാവശ്യകാര്യങ്ങൾ നടത്തുവാൻവേണ്ടി ഗവണ്മെണ്ടിന്ന് ആവശ്യമുള്ള ധനം സമ്പാദിക്കുവാനായി താഴ്ന്ന തരത്തിലുള്ള ജോലിക്കാരെപ്പോലും പിരിച്ചുവയ്ക്കുന്ന ഒരു പരിതഃസ്ഥിതിയിൽ ഈ അലങ്കാരത്തിനുവേണ്ടിയുള്ള ഉദ്യോഗങ്ങൾ വെച്ചുകൊണ്ടിരിക്കുന്നതു ക്ഷമിക്കാവതല്ലെന്നാണ് എന്റെ അഭിപ്രായം. ഇവിടെ സാമ്രാജ്യത്വഗവണ്മെന്റു ഭരിച്ചിരുന്നകാലത്തു് ഏതെങ്കിലും വിധത്തിലുള്ള 'കഴപ്പുള്ളവരെ' അഭിമുഖീകരിച്ചിരുന്ന ഉദ്യോഗസ്ഥന്മാർക്കു വെള്ളിക്കപ്പുകളും മറ്റും കൊടുത്തിട്ടുള്ളതായി ഞാൻ കേട്ടിട്ടുണ്ടു്. എന്നാൽ ഭരിക്കുവാൻവേണ്ടി വന്ന ഒരു 'ജനകീയ' ഗവണ്മെണ്ടിന്റെ ഭരണകാലത്തുനടത്തിയ അത്തരത്തിലുള്ള കൃത്യങ്ങൾചെയ്ത ഉദ്യോഗസ്ഥന്മാർക്കു സമ്മാനമായി കൊടുത്തതാണൊ ഈ ഉദ്യോഗങ്ങൾ എന്നു ഞാൻ സംശയിക്കുന്നു. ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ കാഴ്ചക്ഷമതയെക്കുറിച്ചു് ഇന്നിവിടെ പറയുകയുണ്ടായി. പോലീസ്സു് വിഭാഗത്തിലെ ഒരു ഉദ്യോഗസ്ഥനെ കൊലപ്പെടുത്തിയ ആളുകളെ പിടിക്കുവാൻ കഴിവില്ലാത്ത ഉദ്യോഗസ്ഥവർഗ്ഗം, ഇന്നു് ഇൻഡ്യൻ യൂണിയനിൽ അക്രമത്തിനു ജനങ്ങളെ പ്രേരിപ്പിച്ചുകൊണ്ടും അക്രമത്തിനു ജനങ്ങൾക്കു് ആഹ്വാനം നൽകിക്കൊണ്ടും പ്രവർത്തിക്കുന്ന രാഷ്ട്രീയസംഘടനയിലെ ചില നേതാക്കന്മാർ ഇൻഡ്യൻ യൂണിയന്റെ പല ഭാഗങ്ങളിൽനിന്നും വിശിഷ്യ മദിരാശിസംസ്ഥാനത്തുനിന്നും അവിടത്തെ ഗവണ്മെണ്ടുകൾക്കു പിടികൊടുക്കാതെ കൊച്ചിയിൽവന്നു യഥേഷ്ടം സഞ്ചരിക്കുമ്പോൾ അവരെ പിടിക്കുവാൻ കഴിവില്ലാത്ത ഉദ്യോഗസ്ഥന്മാർ, ഇങ്ങിനെയുള്ളവരുടെ കഴിവിനെ ചോദ്യംചെയ്യാതെ നിവർത്തിയില്ല. ഇവിടെ ഇത്തരം ഉദ്യോഗസ്ഥന്മാരുടെ ആവശ്യമുണ്ടൊ എന്നു ഞാൻ സംശയിക്കുന്നു. ആവശ്യമില്ലെന്നു പലരും ഇവിടെ വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ടു്. പോലീസ്സുദ്യോഗസ്ഥന്മാരുടെ കഴിവിനെക്കുറിച്ചു കൂടുതൽ സംസാരിക്കുകയാണെങ്കിൽ അതു് അവരുടെ മൊറെയിൽ കളയുവാൻ പറ്റുമാകുമെന്നാണു് പറയുന്നതു്. എന്തുവിധത്തിലും ഇവിടെയുണ്ടായിട്ടുള്ള അസ്വസ്ഥതകൾക്കു് അവരുന്നിട്ടുള്ള ഇങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാരെ പിരിച്ചയക്കുന്നതാണു് അലങ്കാരത്തിനുവേണ്ടിയുള്ള ഉദ്യോഗസ്ഥന്മാരില്ലാതെ ഭരിക്കുവാൻ തിരുമാനിച്ചിട്ടുള്ള ഇന്നത്തെ ഭരണകൂടത്തിനു ഭൂഷണമെന്നാണു് എനിക്കു് ഈ അവസരത്തിൽ പറയുവാനുള്ളതു്.

മിസ്റ്റർ സി. സി. പ്രസാദ്: മിസ്റ്റർ പ്രസിഡണ്ടു്, സർ, ഞാനും ഈ കട്ടുമോഷനെ സപ്പോർട്ടുചെയ്യുന്നതിനാണു് ഉദ്ദേശിക്കുന്നതു്. സർ, ഇവിടെ ആവശ്യമില്ലാതെ ഉദ്യോഗങ്ങൾ സൃഷ്ടിച്ചു് നമ്മുടെ ചിലവിനെ കൂടുതൽ വർദ്ധിപ്പിക്കണമെന്നില്ല. നമ്മുടെ പൊതുവിലുള്ള പോലീസ്സു് സമ്പ്രദായത്തിന്റെ കാഴ്ചക്ഷമതക്കു് ആവശ്യമായ കുറച്ചു് ഉദ്യോഗ

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. C. Prasad]

സ്ഥന്മാരെ വെച്ചുകൊണ്ട് ഭരണം നടത്തണമെന്നുള്ളതാണ് പ്രത്യേകിച്ച് എനിക്കിവിടെ പറയാനുള്ളത്. ഇവിടത്തെ പോല്ലീസ്സിന്റെ കായ്ക്ഷമതയെക്കുറിച്ചാണ്, ഞാൻ പാവപ്പെട്ട കോൺസ്റ്റബിൾമാരെ പറ്റിയല്ല, അവക്ക് നേതൃത്വംകൊടുക്കുന്ന പോലീസ് മേധാവികളെക്കുറിച്ചാണ പറയുന്നത്. എനിക്കു മുമ്പു പല ബഹുമാനപ്പെട്ട മെമ്പർന്മാരും അഭിപ്രായപ്പെട്ടതുപോലെ അലങ്കാരത്തിനുവേണ്ടി സൃഷ്ടിച്ചിരിക്കുന്ന ചില തസ്തികകൾ ഇവിടെ ആവശ്യമില്ലാത്തതാണെന്നതന്നെ ഞാനും അഭിപ്രായപ്പെടുന്നു. ഇവിടെ ചില അനിഷ്ടസംഭവങ്ങളെല്ലാം സൃഷ്ടിച്ചു ഖ്യാതിനേടിയതിനു് ഒരു റിവാർഡായിട്ടാണ് ചില തസ്തികകൾ ഇവിടെ നിലകൊള്ളുന്നതെന്ന വസ്തുത ഞാൻ ഈ സഭയെ ഓർമ്മപ്പെടുത്തുന്നു. പ്രസിഡണ്ട് അവർകളുടെ ആർഡറിനെ ഭയന്നു ഇവിടെ നടന്ന അനിഷ്ടസംഭവങ്ങളെക്കുറിച്ചെല്ലാം കൂടുതൽ എടുത്തുപറയുവാൻ ഉദ്ദേശിക്കുന്നില്ല. ഈ ഉദ്യോഗസ്ഥന്മാരുടെ കായ്ക്ഷമത വളരെ മോശമാണ്. ഇന്നു നിലവിലുള്ള സബ് ഇൻസ്പെക്ടർമാർപോലും അവർക്കുള്ള അധികാരം നാട്ടിലെ നിയമപാലനത്തിനുവേണ്ടി ഉപയോഗിക്കുന്നില്ല എന്നു ഞാൻ തീർച്ചയായും പറയും. എത്രയോ അധ:കൃതമർദ്ദനക്കേസ്സുകൾ ഇന്നു കൊച്ചീരാജ്യത്തുണ്ട്. ആ കേസുകളെപറ്റി കായ്ക്ഷമമാംവണ്ണം അന്വേഷണം നടത്തുകയൊ അതിനു നിവാരണമുണ്ടാക്കുകയൊ ചെയ്തിട്ടില്ല. എന്നുതന്നെയല്ല കൊച്ചീരാജ്യത്തെ പൌരന്മാരുടെ പൌരസ്വാതന്ത്ര്യത്തെ ഛോദ്യം ചെയ്യത്തക്കവണ്ണം, കേവലം അന്യായമായി ഛോദ്യം ചെയ്യത്തക്കവണ്ണമുള്ള പലതും ഇവിടെ നടക്കുന്നതായിട്ട് എനിക്കറിയാം. ഇപ്രകാരം കുറെ അധികം അനാവശ്യമില്ലാതെ ഉദ്യോഗങ്ങൾ സൃഷ്ടിച്ചിരിക്കുന്നതുകണ്ടാൽ കൊച്ചീരാജ്യത്തുള്ള ജനങ്ങളെല്ലാം പ്രതികളാണൊ എന്നു തോന്നിപ്പോകും ഇവിടെ പോലീസിന്റെ ഭരണമാണു നടത്തുവാൻപോകുന്നതെങ്കിൽ പത്തൊ പതിനഞ്ചൊ വീടിന്നു് ഒരു പോലീസിനെവീതം വച്ചാൽ അവർ വേണ്ടവിധത്തിൽ നോക്കിക്കൊള്ളും. തീർച്ചയായും ഞാൻ പാവപ്പെട്ട പോലീസ്സുകാരന്റെ വയറ്റത്തടിക്കുവാനല്ല പറയുന്നതു്. പോലീസിനു നേതൃത്വംകൊടുക്കുന്ന പോലീസ്സുമേധാവികളെ ഇവിടെനിന്നു പിരിച്ചുവിട്ടാലല്ലാതെ ജനകീയസഭാവമുള്ള ഒരു ഗവണ്മെണ്ടു് ഇവിടെ വരുകയില്ല.

സർ, ഇനി എന്റെ ദൃഷ്ടിയിൽ പെട്ടിട്ടുള്ള ഒരു സംഗതി പറയാം. കഴിഞ്ഞ ഏലക്ഷനിൽ എന്തൊ നിഷ്പക്ഷമല്ലാത്ത രൂപത്തിൽ അനുവർത്തിച്ചതിനെ ആസ്പദമാക്കി പ്രജാമണ്ഡലം ഗവണ്മെണ്ടല്ലെ എന്തെങ്കിലും എടുക്കുക എന്നു പറഞ്ഞു.....

Mr. M. Bhaskara Menon *(Ernakulam):* Sir, an election case is pending. Is it proper for a member to mention like this? I am asking for a point of order. A case is pending before a tribunal.

Mr. C. V. Iyyu *(Kunnamkulam):* Can a Police Officer be imputed with taking sides?

Mr. M. Bhaskara Menon *(Ernakulam):* A side reference to a particular case.

Mr. P. Govinda Menon *(Minister for Finance and Law):* He referred only to the Amballur Member.

Mr. C. V. Iyyu *(Kunnamkulam):* And to the case of an Inspector there.

Mr. C. C. Prasad *(Kodakara Depressed Classes):* Not to the Amballur election.

Mr. M. Bhaskara Menon *(Ernakulam):* I don't think there will be any difficulty to find out who the Inspector is.

Mr. President: Is it an aftermath of the election. The Hon'ble Member will explain. അതു് ഏലക്ഷൻ കഴിഞ്ഞിട്ടുള്ള സംഭവമാണോ?

മിസ്റ്റർ സി. സി. പ്രസാദ്: ഏലക്ഷൻ കഴിഞ്ഞിട്ടുള്ളതാണു്.

Mr. C. V. Iyyu *(Kunnamkulam):* It was alleged that during the election a certain Sub-Inspector did not remain neutral and that that Sub-Inspector because of the hatred towards the returned member did something. Is that not a part of the question? When the case is pending no reference can be made to it.

Mr. M. Bhaskara Menon *(Ernakulam):* It was only with the intention to have justice done that I raised this point. I have nothing against the Hon'ble Member.

Mr. President: Nobody thought that you had any dishonest purpose in that.

മിസ്റ്റർ സി. സി. പ്രസാദ്: സർ, കായ്ക്ഷമതയെക്കുറിച്ചു പറഞ്ഞപ്പോൾ ചിലതെല്ലാം മൂണ്ടിക്കാണിച്ചു എന്നേയുള്ളൂ. പക്ഷെ ഇങ്ങിനെയുള്ള കായ്ക്ഷമതയുടെ പേരിൽ പ്രവൃത്തിക്കുന്ന ഉദ്യോഗസ്ഥന്മാരെയല്ല നമുക്കാവശ്യം. ഇന്നു ഗവണ്മെണ്ടു ഭരിക്കണമെന്നല്ല ഞാൻ പറയുന്നതു്. ഏതു ഗവണ്മെണ്ടായാലും എങ്ങിനെ ഭരിക്കണം എന്നുള്ളതാണ് ഇ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിടത്തെ പ്രശ്നം. ഏതു ഗവണ്മെണ്ടു നിലവിൽ വന്നാലും ആ ഗവണ്മെണ്ടിന്റെ കീഴിൽ രാജ്യക്ഷേമത്തിനുവേണ്ടി നാട്ടിൽ ജനങ്ങൾക്കു സൈരമായി ജീവിക്കുവാൻതക്കവണ്ണം നിഷ്പക്ഷമായി രാജ്യഭരണം നടത്തുവാൻ പറ്റിയ കായ്ക്ഷമതയുള്ള ഉദ്യോഗസ്ഥന്മാരെയാണു നമുക്കാവശ്യം. അതാണു സർ, ഞാൻ പറയുന്നതു് ഉദ്യോഗസ്ഥന്മാർ കുറഞ്ഞതുകൊണ്ടു കായ്ക്ഷമതക്കു യാതൊരു കുറവും ഉണ്ടാകുന്നതല്ലെന്നു്. ഈ ഗവണ്മെണ്ടു നിലനില്ക്കണമെന്ന ആഗ്രഹത്തോടുകൂടി ഞാൻ പറയുന്നു, ഇപ്രകാരം പൊതുജനസ്വാതന്ത്ര്യത്തെ ഞെക്കുന്നു ചെയ്യുന്ന ഗവണ്മെണ്ടുദ്യോഗസ്ഥന്മാരെ ഉടനെ പിരിച്ചുവിടണമെന്നു്. ഇത്രയും തന്റിക്കകം ഇവിടെ ആവശ്യമില്ല. ഒരു പോലീസ് കമ്മീഷണരുടെ കീഴിൽ കുറെ ഇൻസ്പെക്ടർമാരും പോലീസുകാരും മാത്രം മതി. അതാണു് ആവശ്യമില്ലാത്ത തന്റിക്കകം വേണ്ട എന്നു് ഞാൻ പറയുന്നതു്. ഈ ഉപക്ഷേപത്തെ ഞാൻ പരിപൂർണ്ണമായി സപ്പോർട്ടുചെയ്യുന്നു. ഗവണ്മെണ്ടു കായ്മായി ഈവക കായ്ങ്ങളിൽ ശ്രദ്ധിക്കണമെന്നു അപേക്ഷിക്കുന്നു.

*മിസ്റ്റർ ഇട്ടൂര അബൂക്കൻ: സർ, ഈ ഉപക്ഷേപത്തോടു് എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. ഇന്നത്തെ പരിതഃസ്ഥിതിയിൽ കൊച്ചിയിലെ പോലീസ് ഡിപ്പാർട്ടുമെണ്ടിൽ ഇത്ര അധികം കോലാഹലം കൂട്ടുത്തക്കവണ്ണം ടോപ്പ് ഹെവി അഡ്മിനിസ്ട്രേഷൻ ഉണ്ടെന്നു് എനിക്കു അഭിപ്രായമില്ല. ചില ബഹുമാനപ്പെട്ടമെമ്പർമാരുടെ പ്രസംഗം കേട്ടപ്പോൾ ഏതൊ ഉയന്ന പോലീസുദ്യോഗസ്ഥന്മാരോടു വൈരാഗ്യമുള്ളമാതിരി തോന്നിപ്പോകുന്നു. ഒരുദ്യോഗസ്ഥനു കായ്ക്ഷമതയില്ലെങ്കിൽ ആ ഉദ്യോഗം വേണ്ടെന്നു വെച്ചതുകൊണ്ടു് എന്തു പ്രയോജനമാണുള്ളതെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഇന്നു കൊച്ചിയിലുള്ള പോലീസുകാരിൽ എത്രയോ പേർ എഴുതുവാൻപോലും അറിയാത്തവരുണ്ടു്. ഒന്നുകിൽ കോൺസ്റ്റബിൾമാർക്കു് ശമ്പളം കൂടുതലാക്കി അവരുടെ സ്റ്റാൻഡേഡ് ഉയർത്തുകയൊ, അല്ലെങ്കിൽ ഇന്നു നിലവിലുള്ളമാതിരി നല്ല ഉയന്ന ഉദ്യോഗങ്ങൾ തുടന്നു പോകുകയൊ ആണു വേണ്ടതു്. ചില മെമ്പർമാരുടെ പ്രസംഗത്തിൽ ചില വ്യക്തികൾക്കാണു് ഉദ്യോഗം എന്നു പറഞ്ഞു. മനുഷ്യക്കല്ലാതെ മൃഗങ്ങൾക്കു് ഉദ്യോഗംകൊടുക്കുവാൻ സാധിക്കുമോ? എതായാലും ഐക്യകേരളത്തിലേക്കു നാം കടക്കുന്നതുവരെയെങ്കിലും പോലീസുഡിപ്പാർട്ടുമെണ്ടു് ഈ നിലയിൽതന്നെ വലിയ റിട്രെഞ്ചുമെണ്ടു കൂടാതെ നിലനിത്തിക്കൊണ്ടുപോയാൽ കൊള്ളാമെന്നുള്ളതാണു് എന്റെ അഭിപ്രായം.

മിസ്സ് ആനി ജോസഫ്: സർ, പോലിസ് ഡിപ്പാർട്ടുമെണ്ടിലെ വൻകിട ഉദ്യോഗസ്ഥന്മാരുടെ വമ്പിച്ച ശമ്പളത്തുക കൊച്ചി ഗവണ്മെണ്ടിനു താങ്ങുവാൻ സാധിക്കാത്തവിധത്തിലായിട്ടുണ്ടെന്നു പലരും ഇവിടെ പറഞ്ഞുകഴിഞ്ഞു. അതിനോടു പൂർണ്ണമായിട്ടു ഞാൻ യോജിക്കുന്നില്ല. അവർ ആരും പറഞ്ഞുകാണാത്ത സംഗതികളെക്കുറിച്ചുമാത്രമെ ഞാൻ പറയണമെന്നു വിചാരിക്കുന്നുള്ളു. പരമാർത്ഥത്തിൽ പറയുകയാണെങ്കിൽ നന്ദിയില്ലാത്ത ഒരു ഉദ്യോഗമാണു പോലീസുകാർ കൊണ്ടുനടക്കുന്നതു്. ആക്രാന്തംവേണ്ടി അന്യരെ തല്ലുക, ഇതാണു് അവരുടെ ജോലി. ഇങ്ങനെ നന്ദിയില്ലാത്ത ഉദ്യോഗം വഹിക്കുന്ന ഈ പാവപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തോതു വർദ്ധിപ്പിക്കണം. അത്യാഴം മുടക്കി യാതൊരാളും പണം ലാഭിക്കാറില്ല. പോലീസു ഡിപ്പാർട്ടുമെണ്ടിലെ റിട്രെഞ്ചുമെണ്ടിനെപ്പറ്റി ഇവിടെ പലരും പ്രസംഗിച്ചതിന്റെ അർത്ഥം കായ്ക്ഷമതയുണ്ടാക്കത്തക്കവിധത്തിൽ ആ ഡിപ്പാർട്ടുമെണ്ടിനെ പരിഷ്കരിക്കണമെന്നാണു്. അതിനു് അനാവശ്യമായ തന്റിക്കകളുണ്ടെങ്കിൽ അതു നീക്കുക. ഇന്നത്തെ പൊല്ലീസുകാർക്കു കിട്ടുന്ന ശമ്പളംകൊണ്ടു ജീവിക്കുവാൻ നിവൃത്തിയില്ല. അവരുടെ ഉദ്യോഗത്തിനു ശമ്പളം വർദ്ധിപ്പിക്കേണ്ടതു് ആവശ്യമാണു്. വൻകിടയിലുള്ള ഉദ്യോഗങ്ങളെപ്പറ്റി ഇവിടെ പറഞ്ഞുകഴിഞ്ഞു. വെറും പൊന്നാനിതാലൂക്കിന്റെ വിസ്താരമുള്ള ഈ കൊച്ചിരാജ്യത്തു് അനാവശ്യമായി അലങ്കാരത്തിനുവേണ്ടി വെച്ചിട്ടുള്ള ഉയന്ന ഉദ്യോഗങ്ങളെ നിവർത്തലാക്കി ആവശ്യത്തിനുമാത്രമുള്ള ഉദ്യോഗസ്ഥന്മാരെ നിലവിൽ നിത്തി അവക്കു ശരിയായ ശമ്പളം കൊടുക്കണം. "തല്ലുകൊള്ളാൻ ചെണ്ട, പണം വാങ്ങാൻ മാരാൻ" എന്നു പറഞ്ഞതുപോലെയാണു പോലീസുകാരുടെ സ്ഥിതി. നമ്മുടെ സി. ഐ. ഡി. സെക്ഷനാണു് ലവലേശം കായ്ക്ഷമമായി വർത്തിക്കാത്തതു്. നമ്മുടെ അറിവിലുള്ള അഞ്ചരലക്ഷവും നാം അറിയാതെയുള്ള അനേകലക്ഷവും ചോർന്നുപോയിട്ടുള്ളതു് അവർ കണ്ടുപിടിച്ചിട്ടില്ല. അതൊക്കെ അറിയണമെങ്കിൽ ആവശ്യമില്ലാത്ത ഉദ്യോഗങ്ങൾ നിർത്തലാക്കി സി. ഐ. ഡി. സെക്ഷനെ വിപുലപ്പെടുത്തണം. ആ

*Speech not corrected by the Hon'ble Member.

[Miss Anni Joseph]
സെക്ഷനിലേക്ക കൊച്ചിയിലുള്ള ആളെത്തന്നെ എടുക്കുകയാണെങ്കിൽ അധികാരത്തിൽ വരുന്ന പാട്ടിയോട വേഷ്ടികൊണ്ടോ വിരോധംകൊണ്ടോ വലിയ കാഠിക്ഷമമായ രീതിയിൽ ജോലിചെയ്യുകയില്ലെന്നുവേണം വിചാരിക്കുവാൻ. അതുകൊണ്ട കൊച്ചിരാജ്യത്തോട് ബന്ധമില്ലാത്ത തരത്തിൽ സ്റ്റേറ്റ് മിനിസ്ട്രിയോട് ബന്ധപ്പെട്ട ഒരു സെക്ഷൻ തുപീകരിച്ച് അതൊക്കെ ചെയ്യണം. രാജ്യത്തുനിന്ന ചോന്നുപോകുന്ന പണം നമുക്ക സമ്പാദിക്കുവാൻ സാധിക്കുകയാണ വേണ്ടതു്.

മിസ്റ്റർ കോടനാട്ട നാരായണൻ നമ്പൂതിരിപ്പാട്: ഇതൊക്കെ റെലവൻറാണൊ?

Mr. President: That is for the President to decide.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സർ, ഈ വിഷയം ഒരു വലിയ വാദപ്രതിവാദത്തിനു് ഇടയായിട്ടുള്ള ഒന്നാണെന്നുള്ളതു് ഈ അസംബ്ളി തുടങ്ങിയ ദിവസംമുതൽ ഇവിടെ നടന്ന പ്രസംഗങ്ങളിൽനിന്നും ചോദ്യോത്തരങ്ങളിൽനിന്നും നമുക്ക മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്. നാനാഭാഗങ്ങളെപ്പറ്റിയും ഇവിടെ വാദപ്രതിവാദം നടന്നുകഴിഞ്ഞു. ഒരു സംഗതി ബഹുമാനപ്പെട്ട മെമ്പർമാരുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതു് ഇതാണു്. ഇന്നു പോലീസ് ഡിപ്പാർട്ടുമെണ്ടിൽ വലിയ സംഖ്യ ചിലവുചെയ്യുന്നുണ്ടു്. പണ്ടത്തേക്കാൾ വളരെയധികം ചിലവുചെയ്യുന്നുണ്ടു് എന്നുള്ള വിഷയത്തെപ്പറ്റി ബഹുമാനപ്പെട്ട ഫിനാൻസു മന്ത്രി ബഡ്ജറ്റു വിമർശനത്തിനു മറുപടി പറഞ്ഞതിൽനിന്നു ബഹുമാനപ്പെട്ട മെമ്പർമാർ അതിനുള്ള കാരണങ്ങൾ ധരിച്ചിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. യഥാർത്ഥത്തിൽ ഇന്നിവിടെ പ്രധാന ആക്ഷേപത്തിനു വിഷയമായിട്ടുള്ളതു് പോലീസിലെ സാധാരണ ഉദ്യോഗത്തെപ്പറ്റിയല്ല. അതിൽ സൂപ്പർവൈസിംഗ് ആഫീസേഴ്സ്, പരിശോധനോദ്യോഗസ്ഥൻ എന്നിങ്ങിനെയുള്ള കുറെ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ തസ്തികകളെപ്പറ്റിയും അവരുടെ പ്രവൃത്തികളെപ്പറ്റിയുമാണു് ആക്ഷേപമുള്ളതു് എന്നാണു ഞാൻ ധരിച്ചതു്. ഇങ്ങിനെയുള്ള തസ്തികകളിൽ അടുത്തുണ്ടായ മാറ്റത്തിൽ വന്നിട്ടുള്ള ചില തസ്തികകളെ സംബന്ധിച്ചായിരിക്കണം ഇത്രത്തോളം ക്ഷോഭമുണ്ടാകുവാൻ കാരണമെന്നു ഞാൻ വിചാരിക്കുന്നു. നമുക്കു് ഇതിന്റെ യഥാർത്ഥം എന്താണെന്നു നോക്കാം. ചുരുക്കി പറയുകയാണെങ്കിൽ അടുത്തകാലത്തുണ്ടായ മാറ്റങ്ങളെക്കൊണ്ടു് സൂപ്പർവൈസറിസ്റ്റാഫിൽ കൂടുതലായിട്ടു സൃഷ്ടിച്ചിട്ടുള്ള ഉദ്യോഗങ്ങൾ രണ്ടുമാത്രമാണു്. അതായതു് ഒരു ഡപ്യൂട്ടി കമ്മീഷണർ, ഒരു അഡ്മിനിസ്ട്രേറീവ് അസിസ്റ്റൻറ്. പ്രത്യക്ഷത്തിൽ അങ്ങിനെ തോന്നുകയില്ല. ഇവിടെ മുന്നു ഡിവിഷൻ ഇൻസ്പെക്ടേഴ്സ് ഉണ്ടായിരുന്ന സ്ഥാനത്തു് 6 ഡിവിഷൻ ഇൻസ്പെക്ടേഴ്സിനെ കാണുന്നുണ്ടു്. ഒരു പോലീസ് കമ്മീഷണരും ഒരു ഡപ്യൂട്ടി കമ്മീഷണരും ഉണ്ടായിരുന്ന സ്ഥാനത്തു രണ്ടു ഡെപ്യൂട്ടി ഇൻസ്പെക്ടർമാരെ കാണുന്നുണ്ടു്. എന്തിനാണു് ഇത്രവളരെ ഉദ്യോഗങ്ങൾ എന്നു പെട്ടെന്നു തോന്നിപ്പോകും. ഈ രണ്ടു ഉദ്യോഗങ്ങളെ സംബന്ധിച്ചായിരിക്കണം മെമ്പർമാർ പറഞ്ഞതെന്നാണു ഞാൻ വിചാരിക്കുന്നതു്. ഈ മാറ്റം വരുന്നതിനുമുമ്പെ ഒരു ഡപ്യൂട്ടി കമ്മീഷണർ ഉണ്ടായിരുന്നു. അതിപ്പോൾ രണ്ടായി വർദ്ധിച്ചിട്ടുണ്ടു്. ഇതിനുമുമ്പു് ഒരു അസിസ്റ്റൻറ് കമ്മീഷണരുണ്ടായിരുന്നു. പുതിയതായിട്ട അസിസ്റ്റണ്ടു് കമ്മീഷണരെ ഉണ്ടാക്കിയിട്ടില്ല. ഈ തസ്തികതന്നെ ഇപ്പോഴുമുള്ളു. പിന്നെ മുന്നു ഡിവിഷൻ ഇൻസ്പെക്ടേഴ്സ് ഇതിനുമുമ്പുണ്ടായിരുന്ന സ്ഥാനത്തു ഇന്നു് അതു് 6 ആയിട്ടുണ്ടു്. ഈ അഞ്ചു ഡിവിഷൻ ഇൻസ്പെക്ടർമാരിൽ രണ്ടുപേർ കൂടിയതിൽ രണ്ടുദ്യോഗങ്ങളുടെ കൂറവും വന്നിട്ടുണ്ടു്. ഒരു ഇൻറലിജൻറ്സ് & ട്രാൻസ്ലോട്ട് ഉദ്യോഗസ്ഥൻ ഉണ്ടായിരുന്നു. അതു് നിലത്തലാക്കിയിട്ടുണ്ടു്. ഇൻറലിജൻറ്സ് & ട്രാൻസ്ലോട്ട് ഉദ്യോഗസ്ഥന്റെ ജോലി ഒരു ഡിവിഷൻ ഇൻസ്പെക്ടരെക്കൊണ്ടാണു നടത്തിക്കുന്നതു്. അതേപോലെതന്നെ ഒരു ട്രാൻസ്ലേഷൻ ഇൻസ്പെക്ടരേയും ഇല്ലാതാക്കീട്ടുണ്ടു്. ആ ട്രാൻസ്ലേഷൻ ഇൻസ്പെക്ടരുടെ ജോലിയും ഇപ്പോൾ ഒരു ഡിവിഷൻ ഇൻസ്പെക്ടരാണു നോക്കുന്നതു്. ഇപ്പോൾ ഈ ഉദ്യോഗങ്ങളിൽ പുതിയതായിട്ടും ഒരു തസ്തിക വന്നിട്ടുള്ളതു് ഒരു ഡപ്യൂട്ടി കമ്മീഷണരുടെ തസ്തികയാണു്. അതിനു് ഒരു കാരണം പറഞ്ഞുകാണുന്നതു് ഇൻഡ്യാഗവൺമെണ്ടിൽനിന്നു ഹാർബറിൽ ഒരു ഉയർന്ന പോലീസുദ്യോഗസ്ഥൻ വേണമെന്നു നിർബ്ബന്ധിച്ചുതുകൊണ്ടു് ഒരു ഡപ്യൂട്ടി കമ്മീഷണരെ അവിടേക്കു വെക്കുകയാണുണ്ടായതു് എന്നാണു്. ഈ ആളെക്കൊണ്ടു് ഒരു ഡിവിഷൻ മുഴുവനുമുള്ള ജോലി നടത്തിക്കുന്നുണ്ടു്. ബാക്കിയുള്ള പ്രദേശങ്ങളിലേക്കു് ഒരു ഡെപ്യൂട്ടി കമ്മീഷണരെക്കൂടി പുതിയതായിട്ടു വെക്കുകയാണുണ്ടായിട്ടുള്ളതു്. ഇതാണു റിക്കാർഡുകളിൽ കാണുന്നതു്. പിന്നെ പുതിയതായിട്ടു ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

കാണുന്നതു് ഒരു അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റണ്ടിന്റെ തസ്തികയാണു്. അദ്ദേഹത്തിന്റെ ശമ്പളം ₹ 150 മുതൽ 200 രൂ. വരെയാണു്. ഒരു മാനേജ്മെന്റ് പുറമെയാണ് ഈ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്. ഇതാണു് യഥാർത്ഥത്തിൽ ഉദ്യോഗസ്ഥന്മാരുടെ മാറ്റംകൊണ്ടുണ്ടായിട്ടുള്ളതു്. എതായാലും ഈ വിഷയത്തെപ്പറ്റി വളരെ ശക്തിയായ എതിർപ്പുകൾ കാണുന്നതുകൊണ്ടും ഡിപ്പാർട്ടുമെണ്ടിലെ കാര്യക്ഷമതക്കു് ഇത്രത്തോളം തസ്തികകൾ ആവശ്യമില്ലെന്ന ബഹുമാനപ്പെട്ട അസംബ്ളിയിലെ പല മെമ്പർമാരും സംസാരിച്ചിട്ടുള്ളതുകൊണ്ടും ഈ വിഷയത്തെപ്പറ്റി ഗവണ്മെണ്ടു തീവ്രയായും ഗാഢമായി ഒന്നുകൂടി ആലോചിക്കുന്നതാണു്. ഈ ഡിപ്പാർട്ടുമെണ്ടിലെ റിട്രെഞ്ചുമെണ്ടു കഴിഞ്ഞിട്ടില്ല. ഈ ഡിപ്പാർട്ടുമെണ്ടിൽ ഏതൊക്കെ തസ്തികകളാണു റിട്രെഞ്ചു ചെയ്യേണ്ടതെന്നു് ആലോചിച്ചുവരുകയാണു്. അങ്ങിനെ ആലോചിക്കുന്ന അവസരത്തിൽ ഇവിടെ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങളേയുംപറ്റി ആലോചിച്ചു് ഒരു തീരുമാനമെടുക്കാമെന്നാണു ഗവണ്മെണ്ടു വിചാരിക്കുന്നതു്. അതുകൊണ്ടു് ഈ അഭിപ്രായത്തിൽ സഭ തൃപ്തിപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു.

പിന്നെ വേറെ ചില ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളെക്കുറിച്ചു ചില പ്രസംഗങ്ങളിൽ സൂചിപ്പിച്ച കാര്യങ്ങളെക്കുറിച്ചും ഗവണ്മെണ്ടു പ്രത്യേകം ശ്രദ്ധവെക്കുന്നതാണെന്നു് ഞാൻ പറഞ്ഞുകൊള്ളട്ടെ.

ഞാൻ ഇന്നലെ ഒരവസരത്തിൽ പറഞ്ഞതുപോലെ നാം ഒരു സിസ്റ്റത്തിന്റെ അടിമകളായി വളരെ കൊല്ലം നടന്നുവന്നിരുന്ന കൂട്ടരാണു്. ഇന്നലെ കടലാസിൽ മദിരാശി ഗവണ്മെണ്ടു് ഒരു പ്രസ്സു് കമ്മൂണിക്കെ പുറപ്പെടുവിച്ചിട്ടുള്ളതു് ബഹുമാനപ്പെട്ട മെമ്പർമാർ വായിച്ചിട്ടുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നു. ഇത്രയുംകാലം നാം ഒരു വഴിയിൽകൂടി നടന്നുവന്നതുകൊണ്ടാണു ഈമാതിരി ഒരു പ്രസ്സുകമ്മൂണിക്കെ വേണ്ടിവന്നതു്. ഇതു് അസംഭവ്യമായ ഒരു സംഭവമല്ലെന്നു നമുക്കു വിചാരിക്കാം. സാധാരണ പോലീസിൽ എന്നപോലെ, എല്ലാ ഉദ്യോഗസ്ഥന്മാർക്കും ഇന്നത്തെ അന്തരീക്ഷത്തിലുള്ള പരിതഃസ്ഥിതിക്കു് അഡ്ജസ്റ്റ്ചെയ്തു് അവരുടെ പ്രവൃത്തി ശരിപ്പെടുത്തുവാൻ കുറച്ചുസമയം വേണ്ടിവരുമെന്നുമാത്രമെ ഞാൻ വിചാരിക്കുന്നുള്ളു. ഈ സംഗതി അവരും മനസ്സിലാക്കി അതു അവർ മേലിൽ തുടർന്നുപോകയില്ലെന്നു് എനിക്കു വിശ്വാസമുണ്ടു്. എന്നാലും ഈ സ്ഥിതി തുടർന്നുപോകുന്നതുകണ്ടാൽ ഇന്നത്തെ അന്തരീക്ഷത്തിനു് ഉപയുക്തമായ വിധത്തിൽ അതിനു നടപടി എടുക്കുന്നതാണു്. എന്തെങ്കിലും ഉദ്യോഗസ്ഥന്മാർ ഉപയുക്തമല്ലാത്തവിധത്തിൽ പെരുമാറിയെന്നുകണ്ടാൽ ബഹുമാനപ്പെട്ട മെമ്പർമാർ അപ്പോഴപ്പോൾതന്നെ എനിക്കറിവുതരുവാനും ആവശ്യപ്പെട്ടുകൊള്ളുന്നു. ഈ നില തുടർന്നുപോകാതെ കാര്യങ്ങൾ നടത്തുവാൻ ഇന്നത്തെ ഗവണ്മെണ്ടു് ശ്രമിക്കുമെന്നു ഞാൻ ഈ സന്ദർഭത്തിൽ പറഞ്ഞുകൊള്ളുന്നു.

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ: സർ, ഈ ഉപക്ഷേപത്തിൽ അടങ്ങിയസംഗതികൾ ഗാഢമായി ആലോചിക്കാമെന്നു പ്രധാനമന്ത്രി പറഞ്ഞതുകൊണ്ടു് ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു. ചില തെറ്റിദ്ധാരണകൾ ചില ബഹുമാനപ്പെട്ട മെമ്പർമാർക്കുണ്ടായിട്ടുണ്ടു്. ബഡ്ജറ്റു നോക്കിയാൽ അറിയാം നമ്മുടെ ലക്ഷ്യം ഉദ്ദേശിക്കുന്നതു് ഒരു ഡെപ്യൂട്ടികമ്മീഷണരേയും അഡ്മിനിസ്ട്രേറ്റീവു് അസിസ്റ്റണ്ടിനേയും മറ്റു കീഴ്ജീവനക്കാരെ നിയന്ത്രിക്കുവാൻ വേണ്ടിയുള്ളതല്ലെന്നു്. കാൺസ്റ്റിബിൾമാരുടെ സംഖ്യ വർദ്ധിപ്പിച്ചതുകൊണ്ടുമല്ല എന്നു കാണാം. അതുകൊണ്ടു കാര്യക്ഷമതക്കു വേണ്ടിടത്തോളമുള്ള ആൾക്കാരെ നിർത്തി ബാക്കിയുള്ളവരെ പിരിച്ചയക്കണമെന്നാണു ഞാൻ പറയുന്നതു്. അതു ഗവണ്മെണ്ടു ഗാഢമായി ആലോചിച്ചു വേണ്ടതു ചെയ്യാമെന്നു പറഞ്ഞതുകൊണ്ടു ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn.

CUT MOTION NO. 3

Mr. A. K. George *(Kattur):* I want to move cutmotion No. 3 to discuss *the necessity to nationalise the motor transport in the State at the earliest opportunity.*

Sir, this is a matter quite overdue according to me and I do it by way of a cut motion to-day, to bring to the notice of the House and of course to the notice of the Government that in spite of repeated demand in the last Assembly and of course from the public, steps are not seen being taken in this direction. Sir, I want this House to view this problem of nationalisation of motor transport in this State through three different angles—first as a source of income to the State, second as a matter of public service and third as a source of employing further

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. K. George]
people in the State. I would just touch these three different sources, and leave the cut motion to the consideration of this august assembly.

Sir, as regards the source of income I need not say much about it, with such a difficult budget before us and especially when we agree that the State of Cochin is passing through a financial crisis, it is always good that more attention is paid to tapping source of further income. And I believe to-day that if proper steps are taken in this direction and that too at the earliest opportunity, I am sure that will accrue a big gain to our Government. Well, Sir, to-day all the bus lines in different parts of the State—I should think a good network of bus-lines in the State—but all these lines are being monopolised by certain individuals and in the matter of giving lines I feel that quite an unsatisfactory attitude is being taken by the authorities concerned. Well, Sir, through this cut motion I don't mean to cast any aspersions on such a non-official body as the Transport Authority but still I have to place this fact before you. Sir, in the matter of service to the public I need not say much about it. Because, if this House would just go through the condition of the bus services in the State we will know what all difficulties the passengers are experiencing in the State. Everybody for that matter excepting a few individuals who have the luxury of having cars will agree with me regarding the difficulties in getting tickets and even after having got a wonderful ticket, the difficulties the passanger will have to undergo in such buses. Well, Sir, I fail to understand why in spite of the bad condition of certain buses steps are not being taken to condemn such buses. I know fully well buses of pre-historic period. buses of the type of 1926, 1925 and 1920 buses of those years when Ford discovered them, buses which will find a better place in the museum for exhibition. Such buses are running in certain places. I think our Hon'ble Member for Kunnamkulam will agree with me. The Hon'ble Member for Kunnamkulam knows much about buses for he likes bus journeys very much. He will agree with me along with the House that it is time that we do something in this direction. In the matter of employment also is it not a source of giving further employment to people and thus to remedy this big problem of unemployment.

In this connection I am reminded of that pleasent suggestion given out to the House by the Hon'ble Lady Member for Trichur Miss Annie Joseph that in the matter of appointment of conductors, ladies must be appointed. Well, Sir, I fully endorse her view not in a spirit of chivalry but in a spirit of realism.

Mr. P. Govinda Menon *(Minister for Finance and Law)*: What about drivers ?

Mr. A.K. George *(Kattur)*: If the Hon'ble Member for Trichur-Women agrees that drivers should be woman I have no objection.

Another point to which I would draw the attention of the House is about the bus fares. I draw the attention of the House to the exciting speeches delivered on the floor of the Assembly in Madras. When the Government of Madras nationalised the transport, of late they increased the rate but if we keep in our mind the rates, the increased fares in the Presidency of Madras, especially in the city of Madras, we will realise that our rates comparatively are very very exhorbitant. When they increased, if my memory is correct, when the Government of Madras increased the rate from 1 anna to 1¼ as. per mile there was such a hue and cry that the entire press and platform was taking so much interest about it. But we know fully well, that instead of 1½ annas we have to pay hard cash of 4 annas. There is no fare below 4 as.

Well,Sir, these are things which we must touch upon. I again draw the attention of the House and I appeal to the Government that at the earliest opportunity, without delay, the entire motor transport must be nationalised and if as a matter of test they feel that they have certain doubts about the profits that they may get from business, I feel, at least as a matter of experiment, why not take the bus-lines of Ernakulam and try for themselves how far it is profitable. That the former cut motion which I had the privilege of moving in this House, I feel that instead of the usual assurance of ആലോചനയായി എടുക്കാമെന്ന് I will be much obliged and much elated if the Government will come out with a pleasent reply that the decision has already been taken.

Mr. M. Bhaskara Menon *(Ernakulam)*: I fully support everything that has been said by the Hon'ble Mover of the cut motion, except in the matter of appointment of lady conductors. The Ernakulam Municipality and the Mattancheri Municipality adopted a combined resolution and requested the Government that the transport between Ernakulam and Mattancheri be entrusted to the two Municipalities and from 1122 onwards they have been receiving replies to repeated reminders to the effect that the question of entrusting the transport to the Municipalities will be considered soon as the Government is considering the question of nationilisation of transport. Formerly, when the ferry between Ernakulam and Mattancheri was being auctioned and

LIBRARY ARCHIVES Kerala Legislative Assembly

farmed out to one man at least Government would get something. Government nationalised that. Even though the Municipalities demanded that it must be given to them—of course—giving a moiety of the profits to the Government—even that was vetoed by the Government and now this right of collecting at least some amount to the Government by farming out the right of transport even that has been denied and now we find that monopolies are being given to certain individuals. Well, Sir, from the statistics we find in Travancore and in Madras even though initial investment requires some money ultimately it pays in nationalising transport. Now in the transport authority meeting we find a lot of quarrels and bickerings for getting monopolies of lines. If the Government takes it immediately the transport and invest either completely or at least 51% in the investment leaving the rest to private bodies, I think it will be possible to augment the resources of the State considerably. With these observations and requesting the Government to consider the desirability of giving the Municipalities also their due share at the time of nationalisation of transport I support the cut motion with all the sincerity and solumnity at my command.

മിസ്റ്റർ. കെ. കെ. കണ്ണൻ: സർ, ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ബസ്സ് ട്രാൻസ്പോർട്ട് സർവ്വീസ് നാഷനലൈസ്സ് ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഉൽബോധിപ്പിക്കാൻവേണ്ടി ഞാൻ ഒരു ഉപക്ഷേപം അയച്ചിട്ടുള്ളതു് ഈ അജണ്ടയിൽ സ്ഥലം പിടിച്ചിട്ടുണ്ടു്. അതു പ്രത്യേകമായി ഇവിടെ അവതരിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ പ്രശ്നം ഈ സഭയുടെ പരിശോധനക്കു വന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. ഇതിനെ എല്ലാവരും അനുകൂലിക്കേണ്ടതു് ഏറ്റവും അടിയന്തിരമായ ഒരാവശ്യമാണു്. ഈ ഖണ്ഡനോപക്ഷേപത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ ഉദ്ദേശങ്ങളെക്കുറിച്ചും എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ. ജോജ്ജു് ഇവിടെ വ്യക്തമായി പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടു്. ഇന്നു് ഏതു പരിഷ്കൃതരാജ്യങ്ങളിലും ട്രാൻസ്പോർട്ടസർവ്വീസും മറ്റും ദേശീയവൽക്കരിക്കുകയെന്ന പ്രശ്നം വളരെ പ്രാധാന്യമർഹിക്കുന്നു. ഒന്നായിതീർന്നിട്ടുണ്ടു്. അതിനു് അടിസ്ഥാനപരമായിട്ടുള്ള ചില കാരണങ്ങൾ ഉണ്ടെന്നുള്ളതു നമുക്കു സമ്മതിക്കാതെ തരമില്ല. ഇന്നു് ഏറ്റവും ഒഴിച്ചു കൂടാത്ത ഒരു സാമൂഹ്യവ്യവസ്ഥതിയാണു് അഥവാ മറ്റൊരുതരത്തിൽ പറയുകയാണെങ്കിൽ ഒരു സാമ്പത്തിക വ്യവസ്ഥിതിയാണു ഈ നാട്ടിൽ നിലവിലുള്ളതു് എന്നു നമുക്കു സമ്മതിക്കാതെ തരമില്ല. ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതായ എല്ലാകലാപങ്ങളുടേയും നിദാനം ഇതാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ നിലയിലാണു വാസ്തവത്തിൽ നമ്മുടെ പ്രശ്നത്തെപ്പറ്റി ഗാഢമായി ചിന്തിയ്ക്കേണ്ടതു്. ട്രാൻസ്പോർട്ട്സർവ്വീസു ദേശീയവൽക്കരിക്കണമെന്ന പ്രശ്നം ഇന്നു മുമ്പോട്ടു വന്നിരിക്കുന്നസ്ഥിതിയ്ക്കു് വളരെ പ്രാധാന്യമർഹിക്കുന്ന സ്ഥിതിക്കു് ഈ സന്ദർഭത്തിൽ ഈ സഭയിൽ ഇതിനെ എതിർക്കുന്ന ആളുകൾ ഉണ്ടാകുമെന്നു് എനിക്കുതോന്നുന്നില്ല. അയൽ രാജ്യങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നതായ പരിവർത്തനങ്ങൾ അനുസരിച്ചു് ഈ പ്രശ്നങ്ങളെക്കുറിച്ചു് ചിന്തിക്കേണ്ടതായിട്ടുണ്ടു്. തൊഴിലില്ലായ്മ വളർന്നുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ സാധാരണക്കാർക്കു തൊഴിലുണ്ടാക്കിക്കൊടുക്കുകയെന്ന പ്രശ്നം ഇന്നു ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ ഇരിക്കുകയാണു്. പണമില്ലെന്നുള്ള കാര്യം നാം പറഞ്ഞതുകൊണ്ടു പ്രയോജനമില്ല. ബസ്സുസർവ്വീസു ദേശീയവല്ക്കരണം മൂലം വളരെ ആദായം ഗവൺമെണ്ടിനു് ഉണ്ടാകും എന്നുള്ള സംഗതി എന്റെ മാന്യസ്നേഹിതന്മാർ ചൂണ്ടിക്കാണിക്കുകയുണ്ടായി. ബസ്സു സർവ്വീസുകൾ കുറെയെങ്കിലും ഗവൺമെണ്ടേറ്റെടുത്തു നടപ്പിൽ വരുത്തുകയാണെങ്കിൽ തീർച്ചയായും ഗവൺമെണ്ടിന്റെ ധനസ്ഥിതി നന്നാകും. സാധാരണക്കാരുടെ ജീവിതത്തോതു് ഉയർത്തുന്നതിനുവേണ്ട തൊഴിലുകൾ ഇവിടെ ഉണ്ടാക്കുവാനും സാധിക്കും. ഇതിനെക്കുറിച്ചു കൂടുതൽ സംസാരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതിനെ ഞാൻ ശക്തിയായി അനുകൂലിക്കുന്നു.

മിസ്റ്റർ. ടി. കെ. കുഞ്ഞയ്യപ്പൻ: സർ, ഈ ഉപക്ഷേപത്തോടു ഞാനും അനുകൂലിക്കുന്നതു്. ഗവൺമെണ്ടിനു ആദായമായിരിയ്ക്കും എന്നുള്ളതുകൊണ്ടോ, നാഷനലൈസേഷൻകൊണ്ടു കൂടുതൽ ആളുകൾക്കു തൊഴിൽ നല്കുവാൻ കഴിയും എന്നു വിശ്വസിച്ചോ അല്ല. ട്രാൻസ്പോർട്ടു് ജനങ്ങളുടെ സൌകര്യത്തിനുവേണ്ടി ജനങ്ങളെ സേവിക്കാനുള്ള ഏർപ്പാടാണു്. ഭക്ഷണം, വസ്ത്രം, എന്നപോലെതന്നെ സഞ്ചാരത്തിനുള്ള സൌകര്യവും ഉണ്ടാക്കേണ്ടതു ജനങ്ങളുടെ ഇന്നത്തെ വലിയ ആവശ്യമായി വന്നിരിക്കുകയാണു്. ഈ ആവശ്യം നടക്കാൻ ബസ്സുസർവ്വീസ് പ്രൈവറ്റ് ഏജൻസികൾ നടത്തിയാൽ മതിയാകയില്ലേ എന്നു ചോദിച്ചേക്കും. എന്നാൽ ജനങ്ങളുടെ സൌകര്യത്തിനു വേണ്ടി ഇന്നു അതു് ഉതകുന്നില്ലാ യെന്നുള്ളതുകൊണ്ടു് ഗവൺമെണ്ടു ജനങ്ങളുടെ സൌകര്യത്തിനുവേണ്ടി അതേറ്റെടുത്തു നടത്തണമെന്നാണു ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. K. Kunjayyappan]

അഭിപ്രായപ്പെട്ടന്നത്. ഗവമ്മെണ്ടിന്നു ഒരു ഡിപ്പാർട്ടുമെണ്ടു എന്ന നിലയിൽ നടത്തുന്നതിനു പ്രയാസമുണ്ടെങ്കിൽ ഗവമ്മെണ്ടിന്റെ സ്വാധീനത്തിൽ വരുത്തത്തക്കവിധത്തിൽ ടാൻസ്പോർട്ട കോർപറേഷൻ വഴിക്കൊ, മറേതെങ്കിലും വഴിക്കൊ സൌകയ്യങ്ങൾ ജനങ്ങൾക്കു ധാരാളം ലഭിക്കത്തക്കവണ്ണം ബസ്സുടമസ്തോട്ട് ദേശീയവല്ക്കരിക്കണം എന്നുള്ളതിനോടുയോജിയ്ക്കാതിരിക്കാൻ നിവത്തിയില്ല. ഇപ്പോൾ സവ്വീസു നടത്തുന്നതു ലാഭം ഉണ്ടാക്കണം എന്നുള്ള ഒരൊറ്റലക്ഷ്യം വച്ചുകൊണ്ടാണു്. ഇന്നു് മറവു വ്യാപാരങ്ങളെപ്പോലെ ജനങ്ങളുടെ സൌകയ്യം നോക്കാതെ ലാഭംമാത്രം നോക്കിനടത്തുന്ന ഒരേർപ്പാടാണു് ഇതു്. ഇതുമൂലം സാമാന്യജനങ്ങൾക്കു ബസ്സു സവ്വീസിന്റെ കായ്ത്തിൽ വളരെയധികം അസൌകയ്യങ്ങൾ നേരിടുന്നു എന്നുള്ളതു പരമാത്മാണു്. എതുലയിനിലുള്ള സവ്വീസുകളും നോക്കിയാലും കാണാം പല അസൌകയ്യങ്ങളും ജനങ്ങൾക്കു നേരിടുന്നതായിട്ടു്. മൻസീററിന്റെ കായ്വും വളരെ ഒച്ചപ്പാടുണ്ടാക്കിയിട്ടുള്ള ഒരു സംഗതിയാണു്. എതെങ്കിലും ലയിനിൽ സഞ്ചരിക്കണം എന്നാഗ്രഹിക്കുന്ന ഒരുവൻ ഒരു ബസ്സിന്നു സൌകയ്യം കിട്ടി യാത്ര ചെയ്യുവാൻ ചിലപ്പോൾ രണ്ടുമൂന്നു മണിക്കൂർ ബസ്സ്സ്റ്റാണ്ടിൽകാത്തുനില്ക്കേണ്ടിവരുമെന്നുള്ള ഒരവസ്ഥയാണു് ഇന്നുള്ളതു്. ബുക്കിങ്ങ് ആപ്പീസ്സ് പലടിക്കിലും ഇല്ലാത്ത ഒരു സ്ഥിതിയാണുള്ളതു്. ബുക്കിങ്ങ്ആപ്പീസ് ഉണ്ടെങ്കിൽതന്നെഅന്തസ്സുവിട്ടു് ഉന്തിതള്ളി മുമ്പോട്ടുകയറാൻ കഴിയുന്നവക്കല്ലാതെ ടിക്കറവു കിട്ടാറില്ല. സ്ത്രീകളുടെ കായ്ത്തിൽ ഇതു വളരെയധികം ഉപദ്രവവും, അസൌകയ്വും ഉണ്ടാക്കാറുണ്ടു്. മിക്ക ബുക്കിംഗ് ആപ്പീസുകളിലേയും സ്ഥിതി ഇതുതന്നെയാണു്. തന്നെയല്ലാ കൂസ്ത്രീകളായ ഒരു ബുക്കിങ്ങ് ആപ്പീസ്സിലും കാണപ്പെടുന്നില്ല. അതുകൊണ്ടു മുഖംനോക്കി ടിക്കറവു കൊടുക്കുന്ന സമ്പ്രദായം ധാരാളമായി കാണാൻ കഴിയും. ഒരുപക്ഷെ ഈ സഭയിലെ അംഗങ്ങൾക്കു് അവർ ഈ സഭയിലെ അംഗങ്ങൾ ആണെന്നു് അറിഞ്ഞുകഴിഞ്ഞാൽ വലിയ അസൌകയ്യം നേരിടുന്നില്ലെന്നു വന്നേക്കാം. എന്നാൽ സാമാന്യക്കാരുടെ നിലവളരെ കഷ്ടമാണു്. പല ലയിനുകളിലും ഈ ദുരിതങ്ങൾ അനുഭവപ്പെടാറുണ്ടു്. ഗവമ്മെണ്ടിൽനിന്നും അനുവദിച്ചിട്ടുള്ള സമയങ്ങളിൽ ബസ്സു് ക്രമമായി ഓടിക്കുന്നില്ല. ഒരുപാടു, എഴും ബസ്സുകൾ ഓടുന്ന ലയിനുകളിൽ യാത്രക്കാർ കൂടുവാകും എന്നു സംശയം തോന്നുന്ന ദിവസങ്ങളിൽ രണ്ടോ, മൂന്നോ ബസ്സുകൾ മുടക്കിയിട്ടു ബാക്കി മാത്രമേ ഓടിക്കുകയുള്ളൂ. ഇങ്ങിനെ യാത്രക്കാർ വളരെയധികം അസൌകയ്യങ്ങളോടെതിരിടേണ്ടിവരുന്നുണ്ടു്. വേറെയും പല അസൌകയ്യങ്ങൾ ഉണ്ടാകുന്നുണ്ടു്. ചില ഭാഗങ്ങളിലേയ്ക്കു സവ്വീസു ബസ്സുകൾ ഉണ്ടാവുകയില്ല. സവ്വീസു ബസ്സുകൾ അനുവദിയ്ക്കാത്ത ലയിനുകൾ ധാരാളമുണ്ടു്. നേഷനലൈസേഷന്നു മുതിരുമ്പോൾ ഈ കായ്ംകൂടി ഗവമ്മെണ്ടു് ഓർമ്മിയ്ക്കേണ്ടതാണു്. എതെങ്കിലും ഒരു ലയിനിൽ ബസ്സു ഓടിക്കുവാൻ പർമിററു ചോദിക്കുകയാണെങ്കിൽ, അതിലും എന്റെ മാന്യസ്നേഹിതൻ ബഹുമാനപ്പെട്ട പൂമംഗലം മെമ്പർ പറഞ്ഞതുപോലെ കരിഞ്ചന്തകാണാം. ഉദാഹരണങ്ങൾ പലതും എടുത്തു കാണിയ്ക്കാൻ കഴിയും. എതു ഉൾനാടുകളിൽനിന്നായാലും കൊള്ളാം അടുത്ത പട്ടണത്തിലേയ്ക്കു യാത്രാസൌകയ്യങ്ങൾ ഉണ്ടാകണം. നാട്ടിൻപുറത്തുണ്ടാകുന്ന കാഷ്ടികോല്പന്നങ്ങളും മറവു പദാത്ഥങ്ങളും ചന്തയിലൊ ടൌണിലോ കൊണ്ടുപോയി വില്ക്കുന്നതിന്നുള്ള സൌകയ്യങ്ങൾ ഉണ്ടാകണം. കോടതിയിലേയ്ക്കും മറവും പോകുന്നതിന്നുള്ള സൌകയ്യങ്ങൾ ഉണ്ടാകണം. ഈ സൌകയ്യങ്ങൾ നിഷേധിയ്ക്കപ്പെട്ടുകിടക്കുന്ന പ്രദേശങ്ങൾ പലതുമുണ്ടു്. പറപ്പൂക്കര നിയോജകമണ്ഡലത്തിലെ രണ്ടു ഗ്രാമപ്രദേശങ്ങളാണു മുരിയാടും ആനന്ദപുരവും. മുകുന്ദപുരം താലൂക്കിലെ ഒരു പ്രധാനപ്പെട്ട പട്ടണമാണു് ഇരിങ്ങാലക്കുട. അതുപോലെ ആ പ്രദേശത്തുകാക്കു പ്രാധാന്യമർഹിക്കുന്ന ഒരു നഗരമാണു് തൃശ്ശിവപേരൂർ. ഈ രണ്ടു പട്ടണങ്ങളിലേയ്ക്കും പോകുവാനുള്ള അസൌകയ്യങ്ങൾ ആ പ്രദേശത്തുകാക്കുണ്ടു്. ഇരിങ്ങാലക്കുടക്കു പോകണമെങ്കിൽ മൂന്നു, നാലു നാഴിക നടന്നുചെന്നു ബസ്സുനോക്കണം.

Mr. President: The point is about nationalisation of transport.

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ: നാഷനലൈസ്സു് ചെയ്യാത്തതുകൊണ്ടുള്ള അസൌകയ്യങ്ങളെപ്പററിയാണു് പറയുന്നതു്.

മിസ്റ്റർ പ്രസിഡണ്ടു്: ഇതിന്നുള്ള കായ്ങ്ങൾ പറയണം.

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ: ഈവക അസൌകയ്യങ്ങൾ നീങ്ങണമെങ്കിൽ അതിന്നു നാഷനലൈസേഷൻ നടപ്പിൽ വരുത്തണം. ഗ്രാമപ്രദേശങ്ങളിലുള്ളവക്കു് അടുത്ത

LIBRARY ARCHIVES Kerala Legislative Assembly

പട്ടണത്തിലേക്ക പോകുവാനുള്ള സൌകര്യം ഉണ്ടാക്കി കൊടുക്കുന്നതിനു പ്രവർത്തിയ്ക്കണം. രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലേയ്ക്കും പോകുവാനുള്ള സൌകര്യങ്ങളും ഒരൊറ്റയടിയ്ക്ക ചെയ്തുകൊടുക്കാൻ സാധിക്കുകയില്ലെങ്കിലും, ഒരു ചുരുങ്ങിയ കാലപരിധിക്കുള്ളിൽ പ്രാദേശികമായ സൌകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കണമെന്നുള്ള ഒരു പ്ലാൻ വച്ചുകൊണ്ടുവേണം നാഷനലൈസേഷനു മുതിരുവാൻ. ഓരോ പ്രദേശത്തിലേക്കും സർവ്വീസനുവദിച്ചുകൊടുക്കുമ്പോൾ അതു് ആ പ്രദേശത്തുകാക്ക് എത്രത്തോളം സൌകര്യമുണ്ടാക്കുന്നുണ്ടു് എന്നുള്ള കാര്യവും കൂടി ആലോചിക്കണം. നെല്ലായിയിൽനിന്നു മുരിയാട്ടേയ്ക്കു് ഒരു സർവ്വീസു അനുവദിച്ചിട്ടുണ്ടു്. ഒരു പാടത്തുകൂടി പോവുകയാണെങ്കിൽ മുക്കാൽ മൈൽ നടന്നാൽ മതി; ബസ്സിൽ പോവുകയാണെങ്കിൽ 8 മൈൽ പോകണം. ഈ ലയിനിൽ ഈ സർവ്വീസുകൊണ്ടു് ഒരു ഗുണവും നാട്ടുകാക്കില്ല. ഇങ്ങിനെയുള്ള അനാവശ്യമായ സർവ്വീസു് ഇല്ലാതാക്കണം. ഈ ഉപക്ഷേപത്തിന്റെ അവതാരകൻ സൂചിപ്പിച്ചതുപോലെ ഇന്നു് യാത്രയ്ക്കു വളരെ അസൌകര്യങ്ങളും ഉണ്ടു്. യാത്രാസൌകര്യമുള്ള വാഹനങ്ങളല്ല ഇന്നു പല ലയിനുകളിലും കാണപ്പെടുന്നതു്. ഇതൊക്കെ പരിഹരിക്കുവാൻ ഗവൺമെണ്ടിനു ചുമതലയുണ്ടു്. അതുകൊണ്ടു ബസ്സുസർവ്വീസു് നാഷനലൈസ്സ് ചെയ്യേണ്ടതു് അത്യാവശ്യമാണെന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഡാക്ടർ സി. എൽ. ജോസഫ്: സർ, ബസ്സുസർവ്വീസു് ഗവൺമെണ്ടു് ഏറ്റെടുക്കേണ്ടതു് അത്യാവശ്യമാണു്. ബസ്സുസർവ്വീസു് ആളുകളുടെ സൌകര്യത്തിനുവേണ്ടിയാണെന്നുള്ള ധാരണ ബസ്സുടമസ്ഥന്മാക്കില്ല. ഉദാഹരണം കാണണമെന്നുണ്ടെങ്കിൽ ഇവിടെനിന്നു തീവണ്ടിയിൽ യാത്രചെയ്തു് ഇരിങ്ങാലക്കുട സ്റ്റേഷനിൽ പോയി നോക്കിയാൽ കാണാം. വണ്ടി വരുമ്പോൾ അവിടെ ഒരു ബസ്സുണ്ടായിരിക്കും. അതു നേരത്തേതന്നെ നിറഞ്ഞിരിക്കും. ആദ്യം ചെല്ലുന്ന കുറെ ആളുകൾക്കു മാത്രമേ അതിൽ പോകാൻ സാധിയ്ക്കുകയുള്ളു. ബാക്കിയുള്ളവർ എങ്ങിനെയെങ്കിലും നടന്നു് എത്തിക്കൊള്ളും. പക്ഷെ, വണ്ടിയിറങ്ങിയാൽ ഉടനെ അവിടെയുണ്ടാകുന്ന ആളുകളുടെ ഓട്ടം കാണാൻ ബഹുരസമാണു്. അതു കാണുമ്പോൾ എനിക്കു സ്കൂൾ കുട്ടികളുടെ 100 Yards Race ആണു് ഓർമ്മവരുന്നതു്. ബസ്സുസർവ്വീസു് ഗവൺമെണ്ടു് ഏറ്റെടുക്കുമ്പോൾ ഇങ്ങിനെയുള്ള സ്ഥലങ്ങളിൽ ധാരാളം ബസ്സുകൾ ഇടണം. പിന്നെ ഇതു ഗവൺമെണ്ടു് ഏറ്റെടുക്കുന്നതോടുകൂടി രണ്ടുമോഡൽ ബസ്സുകൾ ഒരിയ്ക്കലും ഉണ്ടായിരിയ്ക്കരുതു്. ഒന്നു്, ഉന്തുമോഡൽ ബസ്സു് (ചിരി) എതെങ്കിലും കയറാത്ത ബസ്സിലുള്ളവർ ഇറങ്ങി ഉന്തുന്നതു സാധാരണമായിട്ടുള്ളതാണു്. അങ്ങിനെ സഹായിക്കാൻ വിരോധമില്ല. എന്നാൽ കൺടക്ടരുടെ വത്തമാനം കേട്ടാൽ, "ബസ്സുകൺടക്ടർ ആവശ്യപ്പെട്ടാൽ ബസ്സു ഉന്തിക്കൊള്ളണം" എന്ന കണ്ടീഷൻ ടിക്കറ്റിൽ ഉണ്ടെന്നു തോന്നിപ്പോകും. (ചിരി) കൺടക്ടർ ഒന്നിറങ്ങിതള്ളുകയെന്നാണു സാധാരണ പറയാറു്. പിന്നെ മുടന്തുമോടലും നമുക്കു വേണ്ട. (ചിരി) സാധാരണ കാപ്പിക്കട ഒന്നുമില്ലാത്ത സ്ഥലത്താണു് ഇതു നില്ക്കുക പതിവു്. അതിന്റെ ഏതെങ്കിലും സാധനം കേട്ടുവന്നിട്ടുള്ളതാണെങ്കിൽ അതു അടുത്ത ടൌണിൽനിന്നോ മറ്റോ പോയിക്കൊണ്ടുവരാൻ അഞ്ചാറുമണിക്കൂറുവേണം. അതുകൊണ്ടു് ഒരു കാപ്പിക്കടയുടെ അടുക്കൽ വച്ചായിരിയ്ക്കണം ഇങ്ങിനെയുള്ള ബസ്സുകൾ നില്ക്കേണ്ടതു് എന്നാണു് എനിയ്ക്കുപറയാനുള്ളതു്. ഈ കാര്യത്തിൽ ഗവൺമെണ്ടു വേണ്ടശ്രദ്ധയെടുക്കണം. നാഷനലൈസു ചെയ്യുമ്പോൾ ഈ രണ്ടുമോഡലുകളും ഉള്ള ബസ്സുകൾ ഒരിയ്ക്കലും ഉണ്ടായിരിയ്ക്കരുതു് എന്നമാത്രമേ എനിയ്ക്കു പറയുവാനുള്ളു.

മിസ്റ്റർ സി. വി. ഐപ്പു: സർ, ബഹുമാനപ്പെട്ട അവതാരകനു്, അദ്ദേഹംകൊണ്ടുവരുന്ന എല്ലാകക്ഷിമോഷനുകളും അനുകൂലിയ്ക്കുമോ ഇല്ലയോഎന്നുള്ള ഭയമാണുള്ളതു്. കാര്യവിവരത്തോടുകൂടി കൊണ്ടുവരുന്ന ഉപക്ഷേപങ്ങളെ പൂർണ്ണമായി അനുകൂലിക്കുന്നതിനു ഞാൻ തയ്യാറാണു്. ഇതു ഏറ്റവും പ്രധാനമായ ഒരു കാര്യമായതുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ആദ്യമായി തുടങ്ങേണ്ടതു് എറണാകുളം മട്ടാഞ്ചേരി ടൌൺസർവ്വീസിന്റെ കാര്യത്തിലാണെന്നുള്ളതിനോടും ഞാൻ യോജിക്കുന്നു. ബസ്സുസർവ്വീസിൽ ഏറ്റവും കൂടുതൽ ചാർജ്ജു് ടൌൺസർവ്വീസിലൊഴിച്ചു മറ്റുള്ളടിക്കുകളിൽ നാലണയാണു്. മദ്രാസല്ലാത്ത ചില പട്ടണങ്ങളിൽ ഒരണയാണു ഏറ്റവും കൂടുതൽ ചാർജ്ജു്. ഞാൻ അടുത്തകാലത്തു തിരുനെൽവേലിയിൽ ചെന്നപ്പോൾ എനിക്കു ഒരണക്കു പെട്രോൾബസ്സിൽ പോകാൻ സാധിച്ചു. അതുകൊണ്ടു് ഇവിടെയും നാഷനലൈസ്സുചെയ്യുകയാണെങ്കിൽ ചാർജ്ജു് വളരെ കുറയ്ക്കാൻ സാധിക്കും. നാഷനലൈസേഷൻകൊണ്ടു ഗവൺമെണ്ടിന്റെ വരുമാനം വർദ്ധിയ്ക്കും എന്നുള്ളതിലും തർക്കമില്ല. പരിഷ്കൃത ഗവൺമെണ്ടുകളുടെ ചുമതലകളിൽ ഒന്നാണു് ടാൻസ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. V. Iyyu]

പോലെയുള്ള Public uility services ഗവണ്മെണ്ടിന്റെ ഉടമസ്ഥതയിൽതന്നെയിരിക്കണമെന്നുള്ളതു് ഇതിനെ സംബന്ധിച്ചുള്ള ഒരു രാഷ്ട്രീയതത്വം ഇവിടെ പ്രസംഗിക്കേണ്ട ആവശ്യമില്ല. അതുകൊണ്ടു് ഏറ്റവും വേഗത്തിൽ ഇതു നടപ്പിൽ വരുത്തണമെന്നു ഞാൻ ഗവണ്മെണ്ടിനെ ഉൽബോധിപ്പിക്കുന്നു.

നാഷനലൈസേഷൻ നടപ്പിൽ വരുത്തുന്നതുകൊണ്ടു് ഇവിടെ ഓടിക്കുന്ന യാതൊരാളുടെ ബസ്സും ഗവണ്മെണ്ടെടുക്കാൻ പോകുന്നില്ലായെന്നുള്ള വിവരം അവരെ അറിയിക്കണം. ഇവിടെ മിക്ക ലയിനുകളിലും ബസ്സുകൾപോര. എന്റെ സ്വന്തംഅനുഭവംപറയുകയാണെങ്കിൽ തൃശ്ശൂർ കുന്നംകുളംറോഡിലാണു് അധികമായും ഞാൻ യാത്രചെയ്യാറുള്ളതു് മിക്കവാറും വഴിയിൽനില്ക്കുന്നവക്കു ബസ്സിൽ കയറാൻ സാധിയ്ക്കാറില്ല. ഈ സംഗതി അധികൃതന്മാർ ശ്രദ്ധിക്കേണ്ടതാണു്. നാഷനലൈസേഷൻ വരുന്നതുവരെ ആവശ്യപ്പെട്ടന്ന എല്ലാലൈനുകളിലും, എല്ലാ അപേക്ഷകക്കും ബസ്സുഓടിക്കുന്നതിനു് അനുവാദം കൊടുക്കണം ബഹുമാനപ്പെട്ട ഇരിങ്ങാലക്കുടമെമ്പർ പറഞ്ഞമാതിരിയുള്ള ഉന്തുമോഡലും, മുടന്തുമോഡലും, ഇവിടെ കൂടാതെ കഴിക്കണം. നാഷനലൈസേഷൻ നടത്തുന്നതിനു ഗവണ്മെണ്ടിനു പണമില്ലെങ്കിൽ, അതിനുവേണ്ടി ഒരു കമ്പനിയോ മറ്റൊരുതുടങ്ങി അതിൽ ൪൧% ഷയർ ഗവണ്മെണ്ടെടുക്കുക. ബാക്കിയുള്ള ഷെയർബസ്സുടമസ്ഥന്മാക്കും പൊതുജനങ്ങൾക്കും എടുക്കാനുള്ള അനുവാദംകൊടുക്കുക.

ബഹുമാനപ്പെട്ട തൃശ്ശൂർ പ്രതിനിധിമെമ്പർ, ബസ്സിൽ ലേഡീകൺടക്ടർമാരെ വയ്ക്കണമെന്നു പറയുകയുണ്ടായി. കണ്ടക്ടർമാർമാത്രംപോരാ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രസ്താവിച്ചവിധം ഡ്രൈവർമാരായും സ്ത്രീകളെ എടുക്കണം. ഈ ഡിപ്പാർട്ടുമെണ്ടിൽ മാത്രമല്ലാ എല്ലാഡിപ്പാർട്ടുമെണ്ടിലും സ്ത്രീകൾക്കുശരിയായ പ്രാതിനിദ്ധ്യം കൊടുക്കണം. ദേവസ്വംഡിപ്പാർട്ടുമെണ്ടിൽ ആനയെകൊണ്ടുനടക്കാനും, എക്സൈസുഡിപ്പാർട്ടുമെണ്ടിൽ തെങ്ങിന്മേലും പനയിന്മേലും കയറി കള്ളുചെത്തിക്കാനും, ഉള്ള അനുവാദവും സൌകര്യവും സ്ത്രീകൾക്കു ഉണ്ടാക്കി കൊടുക്കണം. അതുകൊണ്ടു് ട്രാൻസ്പോർട്ടു് നാഷനലൈസ്സുചെയ്യുമ്പോൾ സ്ത്രീകൾ അർഹിക്കുന്ന പ്രാതിനിദ്ധ്യം മുഴുവൻതന്നെ അവക്കു കൊടുക്കുന്നകാര്യത്തിൽ ഞാൻ അനുകൂലിക്കുന്നുണ്ടു്. ഇത്രമാത്രമേ ഇപ്പോൾ പറയുവാനുള്ളൂ.

മിസ്റ്റർ എം. ഐ. പോൾ: സർ, ബസ്സുസ്വീസു ദേശീയവല്ക്കരിക്കുന്ന കാര്യത്തിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തെ അനുകൂലിക്കുന്നതോടൊപ്പം ദേശീയവല്ക്കരണത്തിന്റെ കാര്യത്തിൽ എനിക്കു് ഗവണ്മെണ്ടിനു് ഒരു നിർദ്ദേശംനല്കുവാൻ കൂടിയുണ്ടു്. എറണാകുളം മട്ടാഞ്ചേരി ബസ്സുസ്വീസാണല്ലോ ഇപ്പോൾ ദേശീയവല്ക്കരിയ്ക്കാനുദ്ദേശിക്കുന്നതു്. എറണാകുളം മട്ടാഞ്ചേരി ഫെറിസ്വീസ്സു് ഗവണ്മെണ്ടു ഏറ്റെടുത്തിട്ടു നാളകം കുറച്ചായി. നാലു L C T യും ഏബോട്ടുകളും ആണു അതിലേയ്ക്കുപയോഗിക്കുന്നതു്. ഏബോട്ടുകൾ വിലയ്ക്കെടുത്തതിനു് ഒരുലക്ഷത്തിൽ ചില്വാനം രൂപാ കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ പ്രസിഡണ്ടു്: ആ കാര്യം ഇവിടെ പറയേണ്ട ആവശ്യമെന്താണു്?

മിസ്റ്റർ എം. ഐ. പോൾ; ബസ്സുസ്വീസുദേശീയമാക്കുമ്പോൾ വന്നുചേരാവുന്ന വിഷമങ്ങളെ ഗവണ്മെണ്ടിനെ ഓർമ്മിപ്പിക്കുന്നതിനുവേണ്ടിയാണു്. ദേശീയമാക്കേണ്ടതു അത്യാവശ്യമാണു്. ഫെറിസ്വീസിനെ സംബന്ധിച്ചിടത്തോളം എന്റെ അറിവിൽ നഷ്ടമാണുവന്നിട്ടുള്ളതു, ഡൽഹി വാർഷിപ്പു ഇവിടെവന്നപ്പോൾ ൪ L. C. T. ഏബോട്ടുകൾ

Mr. President: That is too far from the subject of the Cut motion.

മിസ്റ്റർ എം. ഐ. പോൾ: അതുകൊണ്ടു് ദേശീയവൽല്ക്കരണത്തിൽ ഇങ്ങിനെയുള്ള അനുഭവങ്ങൾ ആവർത്തിക്കാതിരിയ്ക്കാൻ സൂക്ഷിക്കണം.

ബസ്സുയാത്രക്കാക്കു് ഏതെങ്കിലും ആവലാതിയുണ്ടെങ്കിൽ ബസ്സിൽ ഒരു പുസ്തകം സൂക്ഷിയ്ക്കണമെന്നു് ഈ നിയമസഭ തീരുമാനിച്ച സംഗതി കമ്മീഷണരുടെ അടുക്കൽചെന്നപ്പോൾ അതു പ്രായോഗികമല്ലെന്നു പറഞ്ഞു തള്ളുകയാണു ചെയ്തതു്. ഇന്നുവരെയും അങ്ങിനെ ഒരു പുസ്തകം സൂക്ഷിച്ചിട്ടില്ല. ലയിൻബോട്ടുകളിൽ ലോഗു് ബുക്കു സൂക്ഷിക്കുക എന്ന ഒരേർപ്പാടുണ്ടു്. അതിൽ യാത്രക്കാക്കു റിമാർക്കുകൾ എഴുതാനുള്ള ഒരു കോളമുണ്ടു്. ഏതെങ്കിലുംയാത്രക്കാക്കു് എന്തെങ്കിലും സൌകര്യക്കുറവുണ്ടെന്നു തോന്നുന്നുണ്ടെങ്കിൽ അതു അതിൽ നോട്ടുചെയ്യാൻ സാധിയ്ക്കും. യാത്രചെയ്യുന്ന എല്ലാവാഹനങ്ങളിലും ഇങ്ങിനെയുള്ള പരിപാടികൾ രൂപീകരിയ്ക്കേണ്ടതുണ്ടു്. ദേശീയവല്ക്കരിക്കുന്നതോടൊപ്പം ബസ്സുസ്വീസുകൾ വല്ഗിപ്പിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യും ചെയ്യണം. ബസ്സുസർവ്വീസുകൾ വർദ്ധിക്കുന്നിടത്തോളം യാത്രക്കാരും വർദ്ധിക്കും. അതുകൊണ്ട് ദേശീയവൽക്കരണം വേഗത്തിൽ നടത്തണമെന്നു ഗവൺമെണ്ടിനെ ഉൽബോധിപ്പിച്ചുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മിസ്റ്റർ കെ. എച്ച്. സുലൈമാൻ : സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഇതിന്റെ അവതാരകൻ അവസാനമായി പറഞ്ഞഭാഗത്തെപ്പറ്റിയാണ് എനിക്കല്പം പറയാനുള്ളതു്. ദേശീയവൽക്കരണത്തിന്റെ ഗുണം ഫെറിസർവ്വീസു ഗവൺമെണ്ടു് ഏറ്റെടുത്തശേഷം നമ്മെപ്പോലുള്ളവർക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതിട്ടുണ്ടു്. അതു് പ്രയോജനകരമായ ഒരു സമ്പ്രദായമാണു്. അതുമനസ്സിലാക്കി അങ്ങിനെയുള്ള നടപടിക്രമം നടപ്പിൽ വരുത്തിയാൽ ഉണ്ടാകാവുന്ന ഗുണങ്ങൾ ഇതിലും ഉണ്ടാക്കാൻ കാലവിളംബം വരുത്താൻ പാടില്ല. മറ്റപല ഗവൺമെണ്ടുകളും പ്രത്യേകിച്ചു് ഇന്ത്യാഗവൺമെണ്ടും ഇങ്ങിനെയുള്ള കാര്യത്തിൽ മുന്നോട്ടു വരാൻ തുടങ്ങിയിട്ടുണ്ടു്. തിരുവിതാംകൂർ ഗവൺമെണ്ടു് ഏ കൊല്ലംമുമ്പു് ഈ സമ്പ്രദായം നടപ്പിൽ വരുത്തിയിട്ടുണ്ടു്. പരിപൂർണ്ണോത്തരവാദഭരണത്തിനു മറ്റു ഗവൺമെണ്ടുകൾ മാതൃകയായിട്ടുള്ള നമ്മുടെ ഗവൺമെണ്ടു് ദേശീയവൽക്കരണപദ്ധതിയിൽ പിന്നിൽ നില്ക്കുന്നതു ക്ഷേമമായിട്ടുള്ളതല്ല. ഇന്നു് ഈ രാജ്യത്തു് അനേകം ആളുകൾ തൊഴിലില്ലാതെ നടക്കുന്നുണ്ടു്. ഇവിടെ ഓടിക്കൊണ്ടിരിക്കുന്ന പ്രൈവറ്റു ബസ്സുകളിൽ അധികവും അന്യരാജ്യക്കാരാണു ജോലിചെയ്യുന്നതു്. പ്രത്യേകിച്ചു് ഈ ഭാഗത്തു് ഓടുന്ന ബസ്സുകളിൽ അധികവും തിരുവിതാംകൂറുകാരാണു്. ദേശീയവൽക്കരണമുണ്ടായാൽ ഇവിടെ ധാരാളം പേർക്കു തൊഴിലുണ്ടാക്കി കൊടുക്കാൻ സാധിക്കും. ബഹുമാനപ്പെട്ട തുശ്ശിവപേരൂർ വനിതാമെമ്പർ പറഞ്ഞതുപോലെ സ്ത്രീകൾക്കും അതിൽ ശരിയായ പ്രാതിനിദ്ധ്യം കൊടുക്കണം. ഇതു് ഏറ്റെടുക്കുന്നതുകൊണ്ടു് ഗവൺമെണ്ടിനു വളരെ ലാഭമുണ്ടാകും. അതുകൊണ്ടു് ഇതുടനെ നടപ്പിൽ വരുത്തണമെന്നു ഞാൻ ഗവൺമെണ്ടിനോടപേക്ഷിക്കുന്നു.

* മിസ്റ്റർ പി. കെ. പോൾ : സർ, ഞാൻഈ ഖണ്ഡനോപക്ഷേപത്തെ പരിപൂർണ്ണമായി അനുകൂലിക്കുന്ന ഒരാളാണു്. പക്ഷെ എനിക്കൊരു പരിഭ്രമം വന്നുകൂടിയിട്ടുണ്ടു്. സ്ത്രീകളെ കണ്ടക്ടർമാരായി എടുക്കുവാൻ സമ്മതിക്കാൻ വിരോധമില്ല. പക്ഷെ അവരെ ഡ്രൈവർമാരായി എടുക്കണമെങ്കിലും ഭൂരിപക്ഷാഭിപ്രായപ്രകാരം ഇവിടെ പാസ്സായാൽ സ്ത്രീകൾ ഡ്രൈവർമാരായി ഓടിക്കുന്ന ബസ്സിൽ സ്ത്രീകളല്ലാതെ പുരുഷന്മാർ ആരും കയറരുതു് എന്നവയ്ക്കണം. ഡ്രൈവുചെയ്യുന്ന കാര്യംവളരെ പ്രധാനമായ സംഗതിയാണു്. കൈ ഒന്നു തെറ്റിപ്പോയാൽ ബസ്സിലുള്ളവർ അപകടത്തിലാകും.

Miss Annie Joseph *(Trichur-Women)*: On a point of order Sir, ഡ്രൈവിംഗിനെ സംബന്ധിച്ചു് ഈ കട്ടുമോഷനിൽ സംസാരിക്കേണ്ട ആവശ്യമെന്താണു്?

Mr. President: That is not the principal point at issue. We are speaking of nationalisation of transport.

മിസ്റ്റർ പി. കെ. പോൾ : അതും കൂട്ടത്തിൽ പറഞ്ഞുഎന്നേയുള്ളൂ. അങ്ങിനെ വരുമ്പോൾ രണ്ടുജാതി ബസ്സുകൾ ഓടിക്കുന്നതു നന്നായിരിക്കും. ലേഡികൾക്കു കയറാവുന്ന ബസ്സും, പുരുഷന്മാർക്കു കയറാവുന്നബസ്സും.

Mr. President: I have said that this is only a secondary matter. The Hon'ble Member will proceed to speak on the subject matter at issue.

മിസ്റ്റർ പി. കെ. പോൾ : അടുത്ത കാലത്തു ചാർജ്ജു വളരെ കൂടുകയുണ്ടായി. കുറഞ്ഞ ചാർജ്ജു മൂന്നണയായിരുന്നതു ഇപ്പോൾ നാലണയാക്കീട്ടുണ്ടു്. ഇതു നാഷനലൈസു ചെയ്യുന്നതായാൽ മിനിമം ചാർജ്ജു വളരെ കുറക്കാൻ സാധിക്കും.

Mr. President: We are not concerned with those minor details and particulars. The question we are considering is the necessity of nationalisation of transport. We need not go into these datails.

Mr. P. K. Paul (*Kodasseri*): Then we fully concur in the imperative necessity. But in the matter many details have to be gone through. Now, we are sitting together on the bench like a doubting Jack. So, we must suggest a particular mode of buses.

Mr. President: I have ruled that the details and particulars of this matter need not be discussed. It is a general question that is engaging the attention of the House.

മിസ്റ്റർ പി. കെ. പോൾ: നാഷണലൈസു ചെയ്യുന്നതിനു് ഗവൺമെണ്ടിനു പണമില്ലെങ്കിൽ, പുറത്തുള്ളവരെക്കൊണ്ടു് ഒരു കോർപ്പറേഷൻ തുടങ്ങിച്ചു് അതിൽ 51 per cent ഷെയർ ഗവൺമെണ്ടെടുത്തു് പ്രവർത്തനം നടത്തുന്നതു നന്നായിരിക്കും. അതുപോലെ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Paul]

ഇതിന്നവേണ്ട തുടങ്ങുന്ന കോളാപ്രോറീവ് സൈസൈറികൾക്ക് ധനസഹായം നൽകിയും മറ്റും പ്രവൃത്തിക്കുന്നതായാൽ ഇതുദ്ദേശിച്ച മാതിരി കൊണ്ടുവരുവാൻ സാധിക്കും. അതുകൊണ്ട് നാഷനലൈസിംഗ് ഉടനെ തന്നെ തുടങ്ങണമെന്നു ഞാനപേക്ഷിക്കുന്നു.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സർ, ബസ്സ് ട്രാൻസ്പോർട്ട് ദേശീയവൽക്കരിക്കുന്ന പദ്ധതി ഗവൺമെണ്ട് സ്വീകരിച്ചിട്ടുണ്ട്. ആദ്യമായി അതു നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുള്ളതു് ഏറണാകുളം—മട്ടാഞ്ചേരി ലൈൻ ആണ്. അതിനുവേണ്ടി അടുത്ത കാബിനറ്റിൽ തീരുമാനമെടുത്തു്, ഒരു അസിസ്റ്റണ്ട് എഞ്ചിനീയരെ ഡിറ്റെയിൽസ് സ്റ്റീം ആഡിറ്റചെയ്യുവാൻ നിശ്ചയിച്ചിട്ടുണ്ട്. അതു കൊണ്ടു് ഗവൺമെണ്ട് ഈ കാര്യത്തിൽ അജാഗ്രത കാണിക്കാതെ ഉടനടി ഇതു നടപ്പിൽ വരുത്തുന്നതാണ് എന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ.

Mr. A. K. George *(Kattur)* I beg to withdraw the motion.

Motion, by leave, with drawn.

CUT MOTION No 4.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഇതാണ് എന്റെ കട്ട്മോഷൻ. To omit the allotment of Rs. 13,27,039 for Police (Total) in Demand No. 22. *(To impress upon the Government the urgent necessity of establishing a Police Station at Pazhanji.)*

സർ, പോലീസുദ്യോഗസ്ഥന്മാരുടെ എണ്ണം കുറക്കണമെന്നു പറഞ്ഞു് കൌൺസിലിൽ തിവ്രമായ വാദപ്രതിവാദം നടക്കുമ്പോൾ പഴഞ്ഞിയിൽ ഒരു പോലീസ് സ്റ്റേഷൻ വെച്ചു പോലീസുദ്യോഗസ്ഥന്മാരുടെ എണ്ണം കൂട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. പഴഞ്ഞിയുടെ ഇന്നത്തെ നിലയെപ്പറ്റി ചിന്തിച്ചുനോക്കുകയാണെങ്കിൽ ബാക്കിയുള്ള ദിക്കുകളെ അപേക്ഷിച്ചു് ഒരു പോലീസു സ്റ്റേഷൻ അവിടെ അത്യന്താപേക്ഷിതമാണ്. ഇന്നു് കുന്നംകുളത്തു് ഒരു പോലീസു് സ്റ്റേഷൻ ഉള്ളതു വാസ്തവമാണ്. കുന്നംകുളമാണെങ്കിൽ വലിയ ടൌണായി തീർന്നിരിക്കുകയാണ്. ആ ടൌണിന്റേയും അതിന്റെ പരിസരങ്ങളിലേയ്ക്കും കാര്യങ്ങൾ നോക്കാനല്ലാതെ അവിടെനിന്നും വളരെദൂരെയുള്ള പഴഞ്ഞിയുടെ കാര്യങ്ങൾകൂടി നോക്കാൻ അതിനു സാദ്ധ്യമല്ല. പഴഞ്ഞിയുടെ രണ്ടു ഭാഗവും ബ്രിട്ടീഷാണ്. പഴഞ്ഞിക്കാർ ബ്രിട്ടീഷുമായിട്ടാണു ക്രയവിക്രയങ്ങൾ ചെയ്യുന്നതു്. അതുകൊണ്ടു് ഒരു പോലീസു് സ്റ്റേഷൻ അവിടെ സ്ഥാപിച്ചില്ലെങ്കിൽ ക്രിമിനൽ കേസുകളും കരിഞ്ചന്തക്കേസുകളും ഏറ്റവുമധികമാവും. ഈ നിലയിൽ അവിടെ ഒരു പോലീസുസ്റ്റേഷൻ അത്യന്താപേക്ഷിതമാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പു നടന്ന കാലത്തു് അവിടെയുള്ള പോക്കിരികൾ കാട്ടിക്കൂട്ടിയിട്ടുള്ള കോലാഹലങ്ങളും എന്റെ പുറത്തുതന്നെ വന്നു വീണിട്ടുള്ള കല്ലുകളുടെ എണ്ണവും ഈ പോലീസു സ്റ്റേഷൻ വേണമെന്നുള്ളതു വിളിച്ചു പറയുന്നുണ്ട്. ഞാൻ പഴഞ്ഞി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ഒരംഗമാണെങ്കിലും ടൌണിൽ കൂടി അല്പം ചിലരെ ഭയപ്പെട്ടു നേരെ നടന്നു പോകാൻ സാദ്ധ്യമല്ല. അവിടെ പോക്കിരികൾ ഉണ്ടെങ്കിൽ അവരെ പറഞ്ഞു നന്നാക്കുവാൻ പാടില്ലേ? അതിനു പോലീസ് സ്റ്റേഷന്റെ ആവശ്യമെന്താണെന്നു ചിലർ ചോദിച്ചേക്കാം. വെട്ടാൻ വരുന്ന പോത്തിന്റെ ചെവിയിൽ മന്ത്രോപദേശിയതുകൊണ്ടു് വല്ല ഫലവുമുണ്ടാകുമോ? ഇങ്ങിനെയുള്ള വരുടെ ദുഷ്പ്രവൃത്തികളുടെ സാദ്ധ്യം ഇന്നത്തെ ധനകാര്യ മന്ത്രി അറിഞ്ഞിട്ടുണ്ട്. അദ്ദേഹം അവിടെവന്ന അവസരത്തിൽ ഇക്കൂട്ടർ കാട്ടിക്കൂട്ടിയിട്ടുള്ള ലഹളകൾ മാക്കുമ്പോൾ അദ്ദേഹം പോലീസു വകുപ്പിന്റെ അദ്ധ്യക്ഷനായി വന്നിരുന്നെങ്കിൽ, അന്നുതന്നെ അവിടെ ഒരു പോലീസ് സ്റ്റേഷൻ വയ്ക്കുമായിരുന്നു. ബഹുമാനപ്പെട്ട ഈ സഭയിലെ പ്രജാമണ്ഡലക്കാരിൽ ആരെങ്കിലും എന്റെകൂടെ പഴഞ്ഞി അങ്ങാടിയിൽകൂടി ഒന്നു നടക്കാൻ വന്നിരുന്നെങ്കിൽ അവിടെ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനു് ഈ ഉപക്ഷേപം പോരാ, ഇതിലും വലിയ ഉപക്ഷേപം അവശ്യമാണെന്നു സമ്മതിക്കും. ഇപ്പോൾ അവിടെ ആഴ്ചയിൽ ഒന്നോ രണ്ടോ തവണ പോലീസുകാർ ബീറ്റു പോകുന്നുണ്ട് എന്നു മാത്രമേയുള്ളൂ. അതുകൊണ്ടൊന്നും അവിടത്തെ കേഡികളുടെ ശക്തിയ്ക്കു കുറവു വരുകയില്ല. അവിടെനിന്നു് അരിയും മറ്റു സാധനങ്ങളും ബ്രിട്ടീഷിലേക്കു കടത്തിക്കൊണ്ടുപോകുന്നുണ്ട്. അവിടെവെച്ചു കുറ്റംചെയ്യുന്ന ആളുകൾക്കു ബ്രിട്ടീഷിൽ പോയി ഒളിക്കാനുള്ള സൌകര്യമുണ്ട്. ഇതിനെല്ലാം ഒരു പരിഹാരം വേണമെങ്കിൽ ഉടനടി അവിടെ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

*മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സർ, പോക്കിരികൾ ഉള്ള ദിക്കിലൊക്കെ പോലീസ് സ്റ്റേഷൻ വെയ്ക്കണമെന്നാവശ്യപ്പെട്ടുകയാണെങ്കിൽ അതു കുറെ ബുദ്ധിമുട്ടായിത്തീരും എന്നാണ് എനിയ്ക്കു പറയുവാനുള്ളതു്. കുന്നംകുളം സ്റ്റേഷന്റെ അതത്ര വലുതായിട്ടുള്ളതല്ല. അവിടെയുള്ള പോലീസുകാരെക്കൊണ്ടു് പഴഞ്ഞിയിലുള്ള ഉപദ്രവങ്ങൾ നിർത്തുവാൻ സാധിയ്ക്കുമെന്നാണു് ഞാൻ വിചാരിക്കുന്നതു്. അതുകൊണ്ടു പോക്കിരികളെ അമർത്തുവാൻ സാധിക്കുകയില്ലെന്നു തീർച്ചയായാൽ അവിടെ ഒരു പോലീസ് സ്റ്റേഷൻ ആവശ്യമാണോ എന്നാലോചിയ്ക്കാമെന്നല്ലാതെ ഇപ്പോൾ അവിടെ ഉണ്ടായിട്ടുള്ള കായ്ങ്ങൾ അവിടെ ഒരു പോലീസ് സ്റ്റേഷൻ നിർത്തിയ്ക്കാൻ മതിയോ എന്നു സംശയമുണ്ടു്. ഇങ്ങിനെയുള്ള സംഭവങ്ങൾ എലക്ഷൻ കഴിയുന്നതോടുകൂടി കഴിയും എന്നാണു് ഞാൻ വിചാരിക്കുന്നതു്. അവിടെ പോക്കിരികളുടെ ഉപദ്രവം കൂടുതൽ ഉണ്ടെങ്കിൽ അതിനു തക്കതായ നടപടികൾ ഉടൻതന്നെ എടുക്കണമെന്നു പറഞ്ഞു കൊണ്ടും ഇൻസ്പെക്ടർക്കു് ഒരു കല്പന കൊടുക്കാം. അതനുസരിച്ചു് അവർ പ്രവർത്തിയ്ക്കുകയും ചെയ്യും. അതുകൊണ്ടു് ഉപദ്രവം തീർന്നില്ലെങ്കിൽ പിന്നീടു് ഇതിനെപ്പറ്റി ആലോചിയ്ക്കാം. ബഹുമാനപ്പെട്ട മെമ്പർ ഇതുകൊണ്ടു് തൃപ്തിപ്പെടുമെന്നു വിശ്വസിക്കുന്നു.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, തിരഞ്ഞെടുപ്പു കഴിഞ്ഞതിനുശേഷം വളരെ അധികം കേസുകൾ അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. അതിനെ സംബന്ധിച്ചു് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കു വളരെ അധികം ആക്ഷേപങ്ങൾ കിട്ടിക്കൊണ്ടിരിക്കുന്നുണ്ടെന്നാണു് എന്റെ അറിവു്. മിനഞ്ഞാന്നു് അവിടത്തെ ഒരു പ്രജാമണ്ഡലം പ്രവർത്തകനെ കുറെ ആളുകൾ കൂടി അടിച്ചു പരുക്കേല്പിച്ചതായി ഇന്നലെ പോലീസ് സ്റ്റേഷനിൽ സങ്കടംബോധിപ്പിച്ചിട്ടുണ്ടു്. ഇങ്ങിനെദിവസംചെല്ലുന്തോറും അക്രമങ്ങൾ കൂടിയാണു് വരുന്നതു്. ഇതിനെക്കുറിച്ചു ബഹുമാനപ്പെട്ട പ്രധാനമന്ത്രി ആലോചിച്ചു വേണ്ടതുപോലെ പ്രവർത്തിക്കുമെന്നു വിശ്വസിച്ചുകൊണ്ടു സഭയുടെ അനുമതിയോടുകൂടി ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn.

Mr. President: The question is that Government be granted a sum of Rs. 13,27,039 under 22-Police.

Demand put and carried

IX—14-Police (Cranganur)

Mr. E. Ikkanda Warriar *(Prime Minister):* I move that Government be granted a sum of Rs. 15,110 under 14 Police (Cranganur).

Mr. President: The question is that Government be granted a sum of Rs. 15,110 under 14 Police (Cranganur).

Demand put and carried.

Mr. President: The House stands adjourned till 10 a. m. tomorrow.

The House rose for the day at 7-30 p. m.

N. I. OUSEPH
Secretary

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly